# മരിയദൂത്

A Schoenstatt Movement Publication



ഷേൺസ്റ്റാട്ട് പ്രസ്ഥാനങ്ങളുടെ ആത്മീയ ഉറവിടമായ
**പ്രസാദവരനാഥയുടെ തിരുനാൾ**
**2017 ഒക്ടോബർ 18ന്**
എല്ലാ ഷേൺസ്റ്റാട്ട് കപ്പേളകളിലും
ആഘോഷിക്കുന്നു.



## തിരുപ്പട്ട സ്വീകരണം

ഡീക്കൻ സാജൻ പുത്തൂർ (2017 നവംബർ 12, ഞായർ, 2.00 pm താന്ന്യം സെന്റ് പീറ്റേഴ്സ് ദേവാലയം) ഡീക്കൻ ജെറിൻ ചൂണ്ടൽ (2018 ജനുവരി 6 ശനി, 2.00 pm, ചൂണ്ടൽ സാന്തോം ദേവാലയം) ഡീക്കൻ റോബിൻ ചെമ്പന്നൂക്കാരൻ (2018 ജനുവരി 20 ശനി, 2.00 pm, കരയാംപറമ്പ് സെന്റ് ജോസഫ് ദേവാലയം) എന്നിവർ പൗരോഹിത്യം സ്വീകരിക്കുന്നു.



**ഡീക്കൻ സാജൻ**



**ഡീക്കൻ റോബിൻ**



**ഡീക്കൻ ജെറിൻ**

# മരിയദൂത്

ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക

**2017 September - November**

**2017 സെപ്റ്റംബർ – നവംബർ**

രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മഠത്തുംപിടി** ISch

ചീഫ് എഡിറ്റർ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ :
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ബിനോയ് പാണേൽ** ISch

കോ-ഓർഡിനേറ്റേഴ്സ് ടീം :
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാതേലിൽ** ISch



Cover Design:
**Saltt Media**

**Cover Design : Bro. Shelbin**

# താളുകളിലൂടെ......


**ലേഖനങ്ങൾ**

| | |
|---|---|
| വാഗ്ദത്തപേടകം | - **ഫാ. ബോബി ജോസ് കട്ടികാട്** |
| ഷേൺസ്റ്റാട്ട് കപ്പേളയുടെ ആത്മീയത | - **ഫാ. പീറ്റർ ലോഹർ ISch** |
| കൈമാറും തിരിനാളങ്ങൾ - ഷേൺസ്റ്റാട്ട് ഇന്ത്യയിലേയ്ക്ക് | - **ഫാ. ജോയ് മടത്തുംപിടി ISch** |
| തണലേകും ഭവനമിത് | - **ഫാ. പോൾ പനംകുളം ISch** |
| അമ്മയെന്ന വിശുദ്ധ സാന്നിധ്യം... | - **സി. റോസ്ന CSM** |
| നരകത്തിലെ ഭരണത്തിനും സ്വർഗത്തിലെ സേവനത്തിനുമിടയിൽ | - **ഫാ. പോൾ തേലക്കാട്ട്** |
| അമ്മ മടിയിൽത്തന്നെ അന്ത്യവിശ്രമവും | - **ഫാ. റോയ് വെണ്ണൂക്കാരൻ ISch** |
| പുണ്യം തേടി | - **ഇന്ദു അജയകുമാർ** |

**കവിത**

| | |
|---|---|
| കന്യാംബിക | - **അംബിക കെ. കെ.** |

**കൂടാതെ...**

| | |
|---|---|
| ചിരിക്കാൻ ചിന്തിക്കാൻ | - **ജെ.കെ.** |
| പ്രവാചക ചരിത്രം | - ഡോ. ജോയ് പുതുശ്ശേരി ISch |
| ഹൃദയമൊഴി | - ഡോ. ജോയ് പുതുശ്ശേരി ISch |
| ബാലദൂത് | |
| വാർത്താ ജാലകം | |

# എഡിറ്റോറിയൽ

**വീ**ടിന്റെ ഒരു ചിത്രം എപ്പോഴെങ്കിലും കോറിയിടാത്തവരായി നമ്മിൽ ആരുണ്ട്? ഏതു കൊച്ചുകുട്ടിക്കും സാധ്യമാംവിധം അത്ര ലളിതമാണ് അതിലെ വരകൾ. മണ്ണിൽ നിന്നുയരുന്ന ചുമരുകളും അതിലേയ്ക്ക് ഊർന്നിറങ്ങുന്ന മേൽക്കൂരയും. വരയ്ക്കാൻ വളരെ എളുപ്പം എന്നതിലുപരി സ്നേഹബന്ധങ്ങളെ ചിത്രീകരിക്കാൻ ഇതിൽപ്പരം മറ്റൊരു പ്രതീകമില്ലാത്തതുകൊണ്ടു കൂടിയാകാം ഏതൊരു ഡ്രോയിംഗ് ക്ലാസ്സുകളിലും വീടിന്റെ ചിത്രങ്ങൾ ആവർത്തിക്കപ്പെടുന്നത്. പേരിനോടുചേർന്ന് വീട്ടുപേരുംകൂടി ചേർത്തെഴുതുമ്പോഴാണ് ഈ ഭൂമിയിലെ നമ്മുടെ മേൽവിലാസം പോലും പൂർണ്ണമാകുന്നത്.



ജർമ്മനിയിലെ ഷേൺസ്റ്റാട്ട് എന്ന പ്രദേശത്തെ ആഗോളമാക്കിയത് അവിടെ സ്ഥിതിചെയ്യുന്ന, ഒരു കൊച്ചുവീടിനു സമാനമായ മാതാവിന്റെ കപ്പേളയാണ്. പരി. മാതാവിന്റെ ഈ കപ്പേളയെ സ്വന്തം വീടുകണക്ക് പരിചയപ്പെടുത്തിത്തന്നത് ജോസഫ് കെന്റ്ണിഹ് എന്ന വൈദികനാണ്. തന്നെ ഉത്തരവാദിത്വപ്പെടുത്തിയ കുട്ടികളുടെ സർഗ്ഗാത്മകവളർച്ചയ്ക്ക് ഏറ്റവും അനുയോജ്യമായ ഇടം ഒരു വീടിന്റെ ചുറ്റുവട്ടമാണ് എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം കപ്പേളയിലെ മാതൃസവിധത്തിലേയ്ക്ക് ഏവരെയും നയിച്ചു. കർക്കശനിയമങ്ങളോ നിർബന്ധിത ആചാരാനുഷ്ഠാനങ്ങളോവഴി കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണം സാദ്ധ്യമല്ല എന്നും മാതൃസ്നേഹവാത്സല്യമാണ് ക്രിയാത്മക വളർച്ചയുടെ അടിസ്ഥാനമെന്നുമുള്ള കെന്റ്ണിഹ് അച്ചന്റെ ദർശനമാണ് ഉണ്ണിയേശുവിനെ കൈകളിൽ വഹിക്കുന്ന പരി. അമ്മയ്ക്ക് തങ്ങളെത്തന്നെ സമർപ്പിക്കുവാനുള്ള ആഹ്വാനത്തിന് കാരണമായത്.

“അങ്ങയുടെ നേരെയുള്ള എന്റെ സ്നേഹത്തിന്റെ അടയാളമായി എന്റെ കണ്ണ്, എന്റെ ചെവി, എന്റെ നാവ്, എന്റെ ഹൃദയം, എന്റെ വ്യക്തിത്വം എന്നിവ മുഴുവനായും അങ്ങേയ്ക്ക് ഇന്നു ഞാൻ സമർപ്പിക്കുന്നു” എന്ന് പ്രാർത്ഥിക്കുമ്പോൾ എന്റെ ശ്രവണം, എന്റെ ഭാഷണം എന്റെ ചിത്തം എന്നിവയെല്ലാം പരിശുദ്ധ അമ്മയുടെതുപോലെയായി മാറുന്നു. അവളുടെ കാതുകൾ ദൈവദൂതന്റെ ശബ്ദമാണ് കേട്ടത്, ദൈവഹിതം നിറവേറട്ടെ എന്നാണ് അവളുടെ അധരങ്ങൾ മന്ത്രിച്ചത്. അവളുടെ കണ്ണുകൾ കണ്ടതോ ദിവ്യപൈതലിനെ, അവളുടെ മാറോടുചേർത്തുപിടിച്ചത് ഉണ്ണിയേശുവിന്റെ ഹൃദയത്തെയാണ്. ഈ ആത്മീയ നിരീക്ഷണത്തിന്റെ പ്രായോഗികതലമാണ് പരി. അമ്മയുമായുള്ള സ്നേഹ ഉടമ്പടി. ആന്തരിക പരിവർത്തനത്തിലൂടെ പുതുസൃഷ്ടിയാകുവാനുള്ള കാൽവെപ്പാണിത്.

കുഞ്ഞുങ്ങൾക്ക് ജന്മം നൽകുകയും അവരെ വളർത്തുകയും ചെയ്യുന്ന ഇടമാണ് വീട് എന്നതുപോലെ തന്നെ പരി. അമ്മയുടെ പരിപാലനത്തിൽ സ്വതന്ത്ര്യവും ഉറച്ചതുമായ വ്യക്തികളാക്കിത്തീർക്കുന്ന അമ്മയുടെ സന്നിധിയിൽ നമുക്ക് നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും സമർപ്പിക്കാം. നമ്മുടെ അമ്മയും രാജ്ഞിയുമായ പരിശുദ്ധ കന്യകാമറിയം നമ്മെ അനുഗ്രഹിക്കട്ടെ.

ഷേൺസ്റ്റാട്ട് കപ്പേളയിൽ നിന്നുമുള്ള തിരുനാൾ അനുഗ്രഹാശംസകളോടെ,

**ജോസച്ചൻ**





# വാഗ്ദത്ത പേടകം



**ഫാ. ബോബി ജോസ് കട്ടികാട്**

*അവനിത് അരുളിച്ചെയ്തുകൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽ നിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ (ലൂക്ക. 11: 27-28)*

ഓരോ കുഞ്ഞും നരഭോജിയാണെന്ന മട്ടിൽ ഒ.വി. വിജയന്റെ നിരീക്ഷണമുണ്ട്. കാരണം അമ്മയെ തിന്ന കുഞ്ഞുങ്ങളാണ് നമ്മൾ. ഒരിക്കൽ അകത്തിരുന്നും പിന്നെ പുറത്തിരുന്നും നമ്മൾ അതു ചെയ്തു. ഒറ്റകോശത്തിൽ നിന്നാരംഭിച്ച ഒരു ഉൽപത്തി കാഴ്ചയായും കേൾവിയായും ചിന്തയായും ബുദ്ധിയായും രൂപപ്പെട്ടത് അകത്തിരുന്ന് അവളെ ഭക്ഷിച്ചതുകൊണ്ടാണ്. നിലവിളിയൊടെ പുറത്തുവന്നിട്ടും അമ്മയെത്തന്നെ തിന്നു നമ്മൾ. എന്താണ് മുലപ്പാൽ ? അമ്മയുടെ രക്തം തന്നെയാണത്. മുപ്പതു വയസ്സു കഴിഞ്ഞു തുടങ്ങിയവർ അവരുടെ അമ്മമാരെ ഒന്നോർമ്മിച്ചു നോക്കുക. പരമാവധി രണ്ടു വർഷങ്ങളിൽക്കിടയിൽ ഓരോ കുഞ്ഞിനു പിറവികൊടുത്തിരുന്ന കുറെയധികം മക്കളുടെ അമ്മമാർ. ചോര നീരാക്കിയെന്നൊക്കെ പറയുന്നത് അക്ഷരാർത്ഥത്തിൽ ആ അമ്മമാരാണ്. കുഞ്ഞിന്റെ ഭക്ഷണമാണ് അം! അങ്ങനെ അമ്മയുണ്ടായിയെന്ന് ! സ്വന്തം ശരീരവും, രക്തവും ഭക്ഷിച്ചു കൊള്ളാൻ ക്രിസ്തു ഊട്ടുമേശയിൽ വച്ചാവശ്യപ്പെട്ടപ്പോൾ യോഹന്നാൻ ഒരു കുഞ്ഞിനെപ്പോലെ അവന്റെ വക്ഷസ്സിലേക്ക് ചാഞ്ഞത് അത്തരം ഒരു പൂർവ്വ സ്മൃതിയിലാവണം.

അകത്തിരുന്നും പുറത്തിരുന്നും ക്രിസ്തു ഭക്ഷിച്ച ഒരമ്മയ്ക്കുള്ള വാഴ്ത്ത് മറ്റൊരു സ്ത്രീയിൽ നിന്നാണ് കിട്ടിയത്. അവന്റെ ലാവണ്യ മൊഴികളിൽ മിഴിപൂട്ടി, ഹർഷം ചെറിയ പ്രാണനിൽ പുതുവീഞ്ഞുപോലെ പതഞ്ഞൊഴുകിയപ്പോൾ അവളിങ്ങനെ വിളിച്ചു പറഞ്ഞു; നിന്നെ മുലയൂട്ടിയ മാറും നിന്നെ വഹിച്ച ഉദരവും എത്ര അനുഗ്രഹീതം. അത്രയും ഗുരുത്വമുള്ള ഒരു മരിയൻ പ്രണാമം മുമ്പോ പിമ്പോ ഈ ഭൂതലത്തിനു മീതെ മുഴങ്ങിയിട്ടില്ല. അവന്റെ പിറവിക്കുമുമ്പ് സമാനമായൊരു സ്വരം മേരിയിൽ മുഴങ്ങിയിരുന്നു. വിനയാന്വിതനായി ക്രിസ്തു പറഞ്ഞു. ദൈവവചനം കേൾക്കുകയും പാലിക്കുകയും ചെയ്യുന്നവരും അതുപോലെ തന്നെ അനുഗ്രഹീതരാണ്. അങ്ങനെ ഒരു സാധുസ്ത്രീയുടെ അഭിവാദ്യത്തെ ക്രിസ്തു പ്രതിവന്ദിച്ചു. മക്കളിലൂടെ വാഴ്ത്തപ്പെടേണ്ട അമ്മമാർ. തന്തയ്ക്ക് പിറക്കാത്തവൻ എന്ന പദം എല്ലാം സംസ്ക്കാരങ്ങളിലും ഏറ്റവും ഭേദപ്പെട്ട തെറിയാണ്. തൗസൻസ് സ്പ്ളെൻഡിഡ് സൺസ് എന്ന പുസ്തകത്തിൽ 'ഹറാമി' എന്ന ഒരു വിശേഷണത്തിൽ ജീവിതകാലം മുഴുവൻ തപിച്ച ഒരു സ്ത്രീയുടെ ജീവിതരേഖയുണ്ട്. വാസ്തവത്തിൽ അവിഹിതരായ കുഞ്ഞുങ്ങളല്ല അവിഹിതരായ മാതാപിതാക്കളാണുള്ളതെന്ന് നമ്മൾ മറന്നുപോയി. വിളിച്ചു തുടങ്ങാവുന്ന സമാന്യം ഭേദപ്പെട്ട ചീത്തയതായിരിക്കും. അമ്മയ്ക്ക് പിറക്കാത്തവർ! മക്കളുടെ സുകൃതത്തിൽ അവരുടെ പിതാക്കന്മാരെ ഓർത്ത് നമ്മൾ ആശ്ചര്യപ്പെടുകയും ചുവട് പിഴയ്ക്കുമ്പോൾ അവരുടെ അമ്മമാർക്കെന്തു പറ്റിയെന്നും നമ്മൾ പരിഭ്രമിക്കുകയും ചെയ്യുന്നു.

ഒരു ജപമാലയിലൂടെ വിരൽ നീങ്ങിത്തുടങ്ങുമ്പോൾ കുറഞ്ഞത് അമ്പതു പ്രാവശ്യമെങ്കിലും പേരറിയാത്ത ആ ഗ്രാമീണസ്ത്രീയുടെ





വാഴ്ത്തിന്റെ പ്രതിധ്വനികളാണ് സംഭവിക്കുന്നത്. നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോട് കൂടെ- സ്ത്രീകളിൽ അങ്ങ് അനുഗ്രഹീതയാവുന്നു. അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാവുന്നു. മേരിയെന്ന നിർമ്മലവൃക്ഷത്തെ തിരിച്ചറിയാമെന്നവൻ അരുൾ ചെയ്തപ്പോൾ അവന്റെ കേൾവിക്കാരുടെ മിഴികൾ ഒരു മറിയ സ്മൃതിയിൽ സജലങ്ങളായിട്ടുണ്ടാവണം.

മേരിക്കുള്ള സാമാന്യം ദീർഘമായ ആസ്തോത്രമാലികയിൽ വാഗ്ദത്ത പേടകമേ എന്നൊരു വിശേഷണമുണ്ടവൾക്ക്. ഒരു മെറ്റഫർ ആയി അതിനെയെടുക്കുമ്പോൾ ഒത്തിരി ദൈവിക പ്രതിധ്വനികളുണ്ടതിൽ. ഹെബ്രായ ജനതയ്ക്ക് അതിനെക്കാൾ മൂല്യമുള്ളയൊന്നും ഈ ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ഉണ്ടായിരുന്നിട്ടില്ല. അതെവിടേക്ക് അപ്രത്യമായെന്നതിനെയോർത്തായിരുന്നു അവരുടെ തീവ്രവ്യാകുലങ്ങളിലൊന്ന്. ആ വാഗ്ദത്തപേടകം താൻ കണ്ടുവെന്ന് യോഹന്നാൻ പറയുമ്പോൾ അവന്റെ കാലത്തിന്റെ വിസ്മയവും നടുക്കവും ഊഹിച്ചെടുക്കാവുന്നതേയുള്ളൂ. വെളിപാടിന്റെ പുസ്തകത്തിൽ പതിനൊന്നാം ആലയം തുറക്കപ്പെട്ടു. അതിലവിടുത്തെ വാഗ്ദാനപേടകം കാണായി. മിന്നൽപ്പിണരുകളും ആഘോഷങ്ങളും ഇടിമിന്നലുകളും ഭൂകമ്പവും വലിയ കന്മഴയുമുണ്ടായി. അടുത്ത അദ്ധ്യായം തുടങ്ങുന്നതാവട്ടെ സ്വർഗ്ഗത്തിൽ ഒരു സ്ത്രീയെ കണ്ടുവെന്ന് പറഞ്ഞാണ്. (അദ്ധ്യായങ്ങൾ വേർതിരിക്കുന്ന രീതി വളരെ വൈകി ആരംഭിച്ചതുകൊണ്ട് ഒരു തുടർച്ചയായി അതിനെ കരുതാവുന്നതാണ്.) അവളുടെ ഉടയാട സൂര്യൻ, പാദങ്ങൾക്കിടയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ. നിശ്ചയമായിട്ടും പ്രകാശിത വസ്ത്രമായി ധരിച്ച സ്ത്രീ സഭയുടെ പ്രതീകം തന്നെയായിരുന്നു. എന്നാൽ, മരിയൻ ആഭിമുഖ്യമുള്ള ദൈവശാസ്ത്രവിചാരങ്ങൾ ആരംഭിച്ചപ്പോൾ അതു മേരിയിലേയ്ക്ക് വിരൽ ചൂണ്ടുന്ന പ്രതീകമായി.



എന്താണ് വാഗ്ദത്ത പേടകം! അത്രമേൽ ഒന്നും ഭൂമിയിൽ അലങ്കരിക്കപ്പെട്ടിട്ടില്ല. അകത്തും പുറത്തും സ്വർണ്ണം പൊതിഞ്ഞ് അതിനുള്ളിൽ മൂന്ന് വിശേഷപ്പെട്ട അടയാളങ്ങൾ പ്രതിഷ്ഠിച്ചു. കൽപനകളുടെ കൽഫലകങ്ങൾ, ആകാശം പൊഴിച്ച മന്ന, അഹറോൻ ഉപയോഗിച്ച പൂവിട്ട ദണ്ഡ്. മൂന്നിലും ക്രിസ്തുവിന്റെ പ്രകാശമുള്ള നിഴൽ വീണിട്ടുണ്ട്, കാരണം. ക്രിസ്തുവാണ് പുതിയ നിയമം. **ഞാൻ നിങ്ങൾക്ക് ഒരേയൊരു കൽപന തരുന്നു – സ്നേഹം. കൽപാളികളിലല്ല ഹൃദയത്തിലാണത് കോറിയിടാൻ പോകുന്നത്. പുതിയ മന്നയും അവൻ തന്നെ.** ആ മന്ന കഴിച്ചവരൊക്കെ മരിച്ചുപോയി. ഈ മന്ന ഭക്ഷിക്കുന്നവൻ ജീവിക്കും. അഹറോൻ ലേവ്യ ഗോത്രത്തിൽ നിന്നാണ്. പുരോഹിതൻ എന്നർത്ഥം. അനുഷ്ഠാനങ്ങളിലൂടെയല്ല ആത്മസമർപ്പണത്തിലൂടെയായിരിക്കും അവനതു ചെയ്യുക. അവനെയാണ് ഉദരത്തിലും ഹൃദയത്തിലും മേരി കരുതിവച്ചത്. അങ്ങനെയാണവർ പുതിയ നിയമത്തിന്റെ വാഗദത്തപേടകമായത്.

വാഗ്ദത്തപേടകവുമായി മേരിയെ ബന്ധിപ്പിക്കുന്ന പ്രകാശം ലൂക്കായുടെ സുവിശേഷത്തിൽ നിന്നാണ് ലഭിക്കുന്നത്. വാഗ്ദത്ത പേടകത്തിനു മീതെ ദൈവത്തിന്റെ മഹത്വം മേഘം പോലെ





പൊതിഞ്ഞുനിന്നുവെന്ന പഴയ നിയമസൂചന യോട് ചേർന്നു വായിക്കണം, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കുമെന്ന പുതിയ നിയമത്തിലെ ദേവദൂത്. നിർമ്മലയായ ഒരു സ്ത്രീയോടൊപ്പം ആ അദൃശ്യമേഘം അവസാ ത്തോളം കൂട്ടുപോയി. ആ മേഘത്തിലായിരു ന്നതു കൊണ്ടാവണം ഇത്രമേൽ ചിതറിയിട്ടും അസാധാരണമായ ഒരലിവ് അവളുടെ മനസ്സി നോട് ചേർന്ന് നടന്നത്. ഋഷികളെപ്പോലെ കലാ കാരന്മാർക്കും ദൈവമർമ്മം വേഗത്തിൽ വെളി പ്പെട്ടു കിട്ടുന്നു. അതുകൊണ്ടാണ് കൊല്ലപ്പെട്ട മകന് മടിത്തട്ടൊരുക്കി ഇരിക്കുന്ന അമ്മയുടെ ശിൽപം കൊത്തിത്തീരുമ്പോൾ വ്യാകുലമെന്നല്ല- കരുണയെന്ന് മൈക്കാലാഞ്ചലോ പേരിട്ടത്.

വാഗ്ദത്ത പേടകത്തിന്റെ നാൾവഴി ഏതാണ്ടി ങ്ങനെയാണ് - മോശയ്ക്കുശേഷം വാഗ്ദത്ത ഭൂമിയിലേയ്ക്ക് പ്രവേശിച്ച ജേഷ്വ സിലോഹിൽ അത് സ്ഥാപിച്ചു. ഇരുനൂറ് വർഷത്തോളം അത



വിടെ ഉണ്ടായിരുന്നു. യുദ്ധ ഭൂമിയിലേയ്ക്ക് കൊണ്ടു പോയ പേടകം ഫിലിസ്ത്യർ കവർന്നെ ടുത്തു. അത് ആവശ്യത്തിലേറെ പ്രശ്നങ്ങൾ സൃഷ്ടിച്ചപ്പോൾ അത് തിരികെക്കൊടുക്കുവാൻ അവർ തീരുമാനിച്ചു. ദാവീദാണ് അത് സ്വീകരി ക്കാനായെത്തുന്നത്. മൂന്നു മാസക്കാലം അത വിടെ ഉണ്ടായിരുന്നു.

ഇവിടെയാണ് ലൂക്ക 1:39-46 ചില മനോഹര മായ സദൃശതകൾ. എലിസബത്ത് പാർത്ത ഇട ത്തിനും (Einkeren) വാഗ്ദത്തപേടകം സൂക്ഷിച്ച ഇടത്തിനും (Ebughosh) ഇടയിൽ വളരെ ചെറിയ ദൂരമേയുള്ളൂ. വാഗ്ദത്ത പേടകം കണ്ടപ്പോൾ ദാവീദ് ഭയത്തോടെ ചോദിച്ചത് എലി സബത്ത് എന്ന ജ്ഞാനവൃദ്ധ ആദരവിൽ ആവർത്തിക്കുന്നുണ്ട് - കർത്താവിന്റെ അമ്മ എന്നെ തേടിവരാൻ എനിക്കെങ്ങനെ ഭാഗ്യ മുണ്ടായി എന്ന അർത്ഥത്തിൽ ദാവീദ് വാഗ്ദത്ത പേടകത്തിന്റെ മുൻപിൽ ആനന്ദഭരിതനായി നൃത്തം ചവിട്ടുന്നുണ്ട്. മേരിയുടെ സാമീപ്യ ത്തിൽ ഉള്ളിലെ കൊച്ചു യോഹന്നാനും ചെയ്യു ന്നത് അതു തന്നെ. വാഗ്ദത്ത പേടകത്തിന്റെ മുൻപിൽ എങ്ങനെയാണ് മനുഷ്യർക്ക് നൃത്തം ചവിട്ടാനും പാട്ടുപാടാനും കഴിയാതിരിക്കുക. മൂന്നുമാസക്കാലം എലിസബത്തിനോടൊപ്പം മേരിയും ഉണ്ടായിരുന്നു. അബുഘോഷിൽ വാഗ്ദത്ത പേടകവും അപ്രകാരം. ആയിടം അങ്ങനെ ആശീർവദിക്കപ്പെട്ടുവെന്ന് പഴയ നിയമം സാക്ഷ്യപ്പെടുത്തുന്നു. അങ്ങനെ പഴയ നിയമത്തിന്റെ വാഗ്ദത്ത പേടകം പുതിയ നിയ മത്തിലെ മേരിയുടെ പ്രകാശമുള്ള നിഴലായി.

ദൈവമേ, ഞങ്ങൾക്ക് ഇടം നൽകിയ ഉദര ങ്ങളും വാഗ്ദത്ത പേടകങ്ങളാകുന്നു-ഞങ്ങൾ പതുക്കെ പതുക്കെ ക്രിസ്തുവായി മാറുമ്പോൾ. അപ്പോൾ ആൾക്കൂട്ടത്തിൽ നിന്ന് ആരോ വിളിച്ചു പറയുന്നു. നിന്നെ വഹിച്ച ഉദരവും നിന്നെ ഊട്ടിയ മാറും എത്ര അനുഗൃഹീതം.

# ഷേൺസ്റ്റാട്ട് കപ്പേളയുടെ ആത്മീയത



**ഫാ. പീറ്റർ ലോഹർ ISch**
**(പരിഭാഷ: ഫാ. ഷാജൻ മാണികൃത്താൻ ISch)**

ഏത് മതത്തിലാണെങ്കിലും ആത്മീയതയെ പൊതുവായി നാം ദൈവവുമായി പുലർത്തുന്ന ബന്ധമായി നിർവ്വചിക്കാം. ദൈവവുമായി സംവദിക്കുവാൻ സർവ്വസാധാരണമായി നാം വിവിധ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. നാം ഉപയോഗിക്കുന്ന പദങ്ങൾ, അലങ്കരിക്കുന്ന പൂവുകൾ, വെള്ളം, ആരാധിക്കുവാൻ കൊണ്ടുവരുന്ന അപ്പം, ദൈവവുമായി നിരന്തരബന്ധത്തിലാണെന്ന് ദ്യോതിപ്പിക്കുവാൻ നാം അണിയുന്ന പ്രത്യേക വസ്ത്രങ്ങൾ തുടങ്ങിയ പ്രതീകങ്ങളെല്ലാം ആത്മീയതയുടെ ഭാഗങ്ങളാണ്.

ദൈവവുമായി നമ്മെ ബന്ധിപ്പിക്കുന്ന സുപ്രധാനമായ ഒരു മാധ്യമമാണ് സ്ഥലങ്ങൾ. ചില പ്രദേശങ്ങളിലെ പ്രകൃതിലാവണ്യം നമ്മെ ആകർഷിക്കാം. ഇവയിൽ ചിലതാണ് പ്രകൃതിയുടെ മടിയിൽനിന്നും നമുക്ക് ശുദ്ധജലം നൽകുന്ന കിണറുകൾ, വരണാസിയിലെ ഗംഗാനദിയെപ്പോലെ സൂര്യനെ നോക്കി ഒഴുകുന്ന നദികൾ, വൻമരങ്ങൾ, ടിബറ്റിലെ ബുദ്ധസന്യാസികൾ പൂജ്യമായി കാണുന്നതുപോലുള്ള മലയുടെ ഉച്ചികൾ, സൂര്യൻ, നക്ഷത്രങ്ങൾ, ഇടിയും മിന്നലും മുതലായവ. നാം ഇപ്രകാരമുള്ള സ്ഥലങ്ങൾ സന്ദർശിക്കുകയോ ഈ സ്ഥലങ്ങളിൽ നാം ദൈവാരാധന നടക്കുകയോ ചെയ്യുന്നു. അങ്ങനെ അവ നമ്മുടെ ആത്മീയതയുടെ ഭാഗമാകുന്നു.

ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രത്യേക സംഭവങ്ങൾ അരങ്ങേറുകയാണെങ്കിൽ അവ നമുക്ക് കൂടുതൽ പ്രിയപ്പെട്ടതും നമ്മെ ദൈവത്തോട് അടുപ്പിക്കുവാൻ ഉതകുന്നതുമാകുന്നു. മുസ്ലിങ്ങളുടെ വിശുദ്ധ നഗരമായ മക്കയിലെ കാബാ (Kaaba) പ്രവാചകനായ മുഹമ്മദിന്റെ മതസ്ഥാപനത്തെ അനുസ്മരിപ്പിക്കുന്നു. രാമന്റെ ജന്മസ്ഥലമായി കണക്കാക്കാവുന്ന അയോദ്ധ്യയ്ക്കു വേണ്ടി ഹിന്ദുക്കളും മുസ്ലിങ്ങളും പോരാടുകയും മൃത്യു വരിക്കുകയും ചെയ്യുന്നു. ജറുസലേമിലെ ദേവാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ മുസ്ലിങ്ങളും യഹൂദരും അവരുടെ വിശുദ്ധ സ്ഥലമായി കാണുന്നു. ഈ ഭൂപ്രദേശം ഇന്നും യുദ്ധങ്ങളുടെയും സംഘർഷങ്ങളുടെയും കരിനിഴലിലാണ്. തീർച്ചയായിട്ടും ഈ ഭൂവിലാണ് യേശുക്രിസ്തു ജീവിക്കുകയും വചനം പ്രഘോഷിക്കുകയും ചെയ്തിട്ടുള്ളത്. അവിടുന്ന് ജനിച്ച ബത്‌ലഹേമും അവിടുന്ന് മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്ത ഗാഗുൽത്തായും ഇതിൽ എടുത്ത് പറയേണ്ടവയാണ്. കൂടാതെ വിശുദ്ധരായ സ്ത്രീപുരുഷന്മാർ പ്രത്യേകിച്ച് പത്രോസ് പൗലോസ് ശ്ലീഹന്മാർ ധീരരക്തസാക്ഷിത്വം വരിച്ച റോമാനഗരം വിശുദ്ധ നഗരമായി നിലകൊള്ളുന്നു.

പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട ലൂർദ്ദ്, ഫാത്തിമ, മെഡ്ച്ചുഗോരി (Medjugorie) തുടങ്ങി ദൈവം പ്രത്യേകം തന്റെ സന്ദേശം നൽകുവാൻ തിരഞ്ഞെടുത്ത സ്ഥലങ്ങളുണ്ട്. വേളാങ്കണ്ണിപ്പോലെ അത്ഭുതങ്ങൾ സംഭവിക്കുകയും ദൈവവും പരിശുദ്ധ അമ്മയും നമുക്ക് സമീപസ്ഥരാണെന്ന് വ്യക്തമാക്കിയ സ്ഥലങ്ങളുമുണ്ട്. നാം ഇങ്ങനെയുള്ള തീർത്ഥാടന സ്ഥലങ്ങളിലേയ്ക്ക് വലിയ ബുദ്ധിമുട്ടുകൾ സഹിച്ച് യാത്ര ചെയ്ത്, നമ്മുടെ ആധികളും ആഗ്രഹങ്ങളും ആശകളും ആവശ്യങ്ങളും സമർപ്പിക്കുകയും ജീവിതത്തെ നവീകരിക്കുകയും ചെയ്യാറുണ്ട്. ഈ പരിശ്രമങ്ങളെല്ലാം യഥാർത്ഥമായി ദൈവമായുള്ള നമ്മുടെ ബന്ധം ഊട്ടിയുറപ്പിക്കുന്നതിനും വ്യത്യസ്ഥ മാർഗ്ഗങ്ങളിലൂടെ അവയെ കൂടുതൽ സുദൃഢമാക്കുന്നതിനും പ്രതീകാത്മകമാക്കുന്നതിനും സഹായിക്കുന്നവയാണ്.





മേൽവിവരിച്ച വിശാലമായ പശ്ചാത്തലത്തിലാണ് നാം ഷേൺസ്റ്റാട്ട് കപ്പേളയുടെ പ്രാധാന്യം കാണേണ്ടത്. മറ്റ് വിശുദ്ധ സ്ഥലങ്ങൾക്കുള്ളതുപോലെ പൊതുവായ ചില സവിശേഷതകൾ ഈ കപ്പേളയ്ക്കുമുണ്ട്. പരിശുദ്ധ അമ്മയെ വണങ്ങുന്നതിനും അമ്മയുടെ സവിധേ നമ്മുടെ പരിവേദനങ്ങൾ സമർപ്പിക്കുന്നതിനും അനുദിന ജീവിതത്തിലെ ബുദ്ധിമുട്ടുകളും വെല്ലുവിളികളും സഹിക്കുന്നതിന് സഹായവും തുണയും അഭ്യർത്ഥിക്കുന്നതിനും ഇവിടെയും അവസരമുണ്ട്. ഈ സ്ഥലങ്ങളിൽ നമുക്ക് അമ്മയെ കൂടുതൽ അടുത്ത് അനുഭവിക്കുവാൻ സാധിക്കുന്നു.

ഈ കപ്പേളയ്ക്കു ഇതിന്റെ തനതായ ചില പ്രത്യേകതകളുമുണ്ട്. ഇതിന്റെ ചരിത്രവും ആത്മീയതയും ഈ സവിശേഷതകളിലേയ്ക്ക് വെളിച്ചം വീശുന്നു.

ഷേൺസ്റ്റാട്ട് കപ്പേള ഒരു വിശുദ്ധ സ്ഥലമായി തീർന്നത് വലിയ അത്ഭുതത്തിലൂടെയോ മാതാവിന്റെ പ്രത്യക്ഷപ്പെടലിലൂടെയോ പ്രത്യേക ചരിത്രസംഭവങ്ങളിലൂടെയോ അല്ല. ഷേൺസ്റ്റാട്ട് എന്ന വാക്കിന് മനോഹരമായ സ്ഥലമെന്ന അർത്ഥമുണ്ടെങ്കിലും ആത്യന്തികമായ പ്രകൃതിരമണീയതയൊന്നും ഈ സ്ഥലത്തിനില്ല. എങ്കിലും ഇത് പ്രകൃതിസുന്ദരമാണെന്നതിൽ തർക്കമില്ല. **ഷേൺസ്റ്റാട്ട് വിശുദ്ധ ഭൂമിയായത് പരിശുദ്ധ അമ്മയും ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ജോസഫ് കെന്റണിക് അച്ചനും മരിയൻ സൊഡാലിറ്റിയിലെ കുറേ യുവജനങ്ങളും ചേർന്ന് നടത്തിയ ഉടമ്പടി വഴിയാണ്.** മനുഷ്യരുടെ അഭ്യർത്ഥനയ്ക്കു അനുസരിച്ച് പരി. അമ്മ മനുഷ്യരുമായി ഒരു ഉടമ്പടിക്ക് തയ്യാറായി മുന്നോട്ട് വരുമോയെന്ന ചോദ്യം അന്ന് നിലവിലിരുന്നു. അനുഗ്രഹത്തിന്റെ ഈ ശ്രീകോവിൽ തനിക്കായി നിർമ്മിക്കുന്നതിന് പരിശുദ്ധ അമ്മ തന്നെ മുൻകൈ എടുക്കാതെയും അത് കെന്റണിക്കച്ചന്റെ മനസ്സിൽ തോന്നാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ ഇത് യാഥാർത്ഥ്യമാകുമായിരുന്നില്ല. കെന്റണിക് അച്ചനെയും യുവജനങ്ങളെയും സംബന്ധിച്ച് 1914 ഒക്ടോബർ 18-ാം തിയ്യതി



നടത്തിയ ഉടമ്പടി പൂർണ്ണമായും വിശ്വാസത്തിന്റെ ഒരു പ്രവൃത്തിയായിരുന്നു. ദൈവം ഇസ്രായേൽ ജനതയുമായി ചെയ്ത ഉടമ്പടിയുടെ ഒരു പുനരാവർത്തനമല്ലാതെ മറ്റൊന്നുമല്ല അവർ ചെയ്ത സ്നേഹ ഉടമ്പടിയെന്ന് പിന്നീട് അവർക്ക് മനസ്സിലായി. അവർ ചെയ്ത ഉടമ്പടി സത്യമായിരുന്നുവെന്നതിന് തെളിവ് പിന്നീടുള്ള ഷേൺസ്റ്റാട്ടിന്റെ ചരിത്രമാണ്. ഈ ഉടമ്പടിയോട് ആഭിമുഖ്യം പ്രാപിച്ച് ഇതിന്റെ ചൈതന്യം ജീവിതത്തിൽ പകർത്തി ജീവിച്ചവർ തന്നെയാണ് ഇത് ശാശ്വതമാണെന്നതിന്റെ മുഖ്യമായ തെളിവ്. ഉടമ്പടി ജീവിതത്തെ അനുധാവനം ചെയ്താൽ മെച്ചപ്പെട്ട വ്യക്തിത്വങ്ങളായി മാറുവാനും വീരോചിതമായി പരിപൂർണ്ണതയുടെ പടവുകൾ ചവിട്ടിക്കയറുവാനും സാധിക്കുമെന്നും അവർ തെളിയിച്ചു. ഒന്നാം ലോകമഹായുദ്ധത്തിന്റെ തൊട്ട് മുൻപാണ് 1914, ഒക്ടോബർ 18-ാം തിയ്യതിയിലെ ഉടമ്പടിക്ക് നാന്ദി കുറിക്കുന്നത്. ഷേൺസ്റ്റാട്ടിലെ മൈനർ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന ഈ യുവജനങ്ങൾ യുദ്ധക്കെടുതി മൂലം ക്ഷാമത്തിന്റെ വക്കിലെത്തി; ഇവരെ നിർബന്ധിത സൈനികസേവനത്തിനായി കൊണ്ട് പോയി. സൈനിക ക്യാമ്പിൽ സ്ഥിതിഗതികൾ അതീവ മോശമായിക്കൊണ്ടിരിക്കുന്നു എന്നത് അവരുടെ മനസ്സിനെ വേട്ടയാടി. അവരുടെ ദൈവവിളി നഷ്ടപ്പെടുമെന്ന ഭീതിയും മരണത്തിന്റെ നിഴലിലാണെന്ന ഭയവും അവരെ ഉലച്ചു. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപനത്തിനും ഷേൺസ്റ്റാട്ട് കപ്പേളയുടെ വളർച്ചയ്ക്കും വേണ്ടി അവരിൽ പലരും തങ്ങളുടെ ജീവിതം മാതാവിന് സമർപ്പിക്കുകയും വീരോചിതമായി മരണം വരിക്കുകയും ചെയ്തു.



"വരുംകാലങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്വാധീനം വലുതായിരിക്കും"



കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികം ഷേൺസ്റ്റാട്ട് പ്രസ്ഥാനം കൈവരിച്ച അഭൂതപൂർവ്വമായ വളർച്ച തന്നെയാണ് മാതാവുമായി ചെയ്ത ഉടമ്പടി സത്യമാണെന്നതിന് വ്യക്തമായ തെളിവ്. രണ്ടാം ലോകമഹായുദ്ധത്തേയും നാസികളുടെ നിരന്തര പീഡനത്തേയും ഈ കാലഘട്ടത്തിൽ ഷേൺസ്റ്റാട്ട് പ്രസ്ഥാനം അതിജീവിച്ചു. ഈ ദുരനുഭവങ്ങളോടൊപ്പം സ്ഥാപക പിതാവിനെ നാസി പീഡനക്യാമ്പിൽ അടച്ചിട്ടും ലോകത്തിലെ പഞ്ചഭൂഖണ്ഡങ്ങളിലായി വൈദികർക്കും സമർപ്പിതർക്കും പുരുഷന്മാർക്കും സ്ത്രീകൾക്കും കുടുംബങ്ങൾക്കും വ്യത്യസ്ത ശാഖകൾ ആരംഭിച്ചുകൊണ്ട് ഷേൺസ്റ്റാട്ട് പ്രസ്ഥാനം അതിന്റെ വളർച്ചയുടെ ഉന്നത ശ്രേണിയെ പുൽകി. കൂടാതെ ഇന്ത്യയിലടക്കം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 200-ൽ അധികം ഷേൺസ്റ്റാട്ട് കപ്പേളകൾ സ്ഥാപിക്കപ്പെട്ടു. ഇതിലെ അംഗങ്ങളുടെ സാധാരണത്വവും പരിമിതികളും കണക്കാക്കുമ്പോൾ അവർ പരിശുദ്ധ അമ്മയുടെ ഉപകരണങ്ങളായി പ്രവർത്തിച്ചപ്പോൾ ഉണ്ടായ ഫലം അത്ഭുതാവഹമാണെന്ന് മനസ്സിലാകും. ഇത് ഈ ഉടമ്പടി സത്യമാണെന്നതിന്റെ ക്രിയാത്മകമായ പരിണിതഫലമായി (Creative resultant); മനുഷ്യശക്തിയെ അതിലംഘിക്കുന്ന അനുഗ്രഹത്തിന്റെ ഉറവയായി.

ഷേൺസ്റ്റാട്ട് കപ്പേളയുടെ ആരംഭം സവിശേഷമായ ഒരു ആത്മീയതയ്ക്കു വഴി തുറന്നു. മാതാവുമായിട്ടുള്ള ഉടമ്പടിയിൽ തുടർന്ന് ജീവിച്ചാൽ മാത്രമെ ആ ഉടമ്പടി സജീവമായി നിലനിൽക്കുകയുള്ളൂ. ഞാൻ എന്നെത്തന്നെ നവീകരിച്ച് അമ്മയ്ക്ക് സമർപ്പിക്കുകയും എന്റെ നിത്യേനയുള്ള ജീവിതം അമ്മയുടെ സംരക്ഷണത്തിന് സമർപ്പിക്കുകയും ചെയ്യുമ്പോഴാണ് ഞാൻ ഉടമ്പടിയിൽ ജീവിക്കുന്നത്. **അനുഗ്രഹത്തിന്റെ നിധിയിലേയ്ക്ക് ഞാൻ നിരന്തരമായി ത്യാഗങ്ങൾ സമർപ്പിക്കുന്നത് ഞാൻ ഉടമ്പടിയിൽ ജീവിക്കുന്നുവെന്നതിന്റെ വ്യക്തമായ അടയാളമാണ്.** എന്റെ പരിശ്രമങ്ങളും ത്യാഗങ്ങളും നന്മകളും ഈ നിധിയിലേയ്ക്ക് സമർപ്പിക്കുന്നതിലൂടെയും എന്റെ സന്തോഷവും ദുഃഖവും അങ്ങനെ എല്ലാത്തിനേയും ഈ നിധിയിലേയ്ക്ക് സമർപ്പിക്കുന്നതിലൂടെയും "അനുഗ്രഹത്തിന്റെ നിക്ഷേപ"ത്തെ ഞാൻ വർദ്ധിപ്പിക്കുന്നു. പരിശുദ്ധ അമ്മ ഈ നിക്ഷേപത്തിന് "പലിശ നിരക്ക്" ഒത്തിരി അധികമായി ചെലുത്തി ഈ മൂലധനത്തെ പല മടങ്ങ് വർദ്ധിപ്പിച്ച് ഈ ത്യാഗങ്ങൾ അനുഷ്ഠിക്കുന്ന വ്യക്തിക്കും മറ്റുള്ളവർക്കും ആവശ്യനേരങ്ങളിൽ അനുഗ്രഹത്തിന്റെ വർഷമാക്കി തിരിച്ച് നൽകുന്നു.

നന്മപൂർണ്ണമായ ദിവ്യനാഥ നമ്മിൽനിന്ന് അധികമായ ത്യാഗങ്ങൾ ആവശ്യപ്പെടുകയും നമ്മെ വെറും കയ്യോടെ തിരിച്ചയക്കുകയും ചെയ്യുകയില്ല. ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ പരിശുദ്ധ അമ്മ എന്നെ സ്വീകരിക്കുന്നു. "ഞാൻ സ്വന്തം ഭവനത്തിലായിരിക്കുന്നു എന്ന അനുഭവം" പ്രത്യേക കൃപയായി അമ്മ നമുക്ക് സമ്മാനിക്കുന്നു. ദൈവത്തിന്റെ മാനദണ്ഡത്തിനിണങ്ങി മൂല്യവത്തായി ജീവിക്കുന്നത് എങ്ങനെയെന്ന് എനിക്ക് കാണിച്ചുതന്നുകൊണ്ട് എന്നെത്തന്നെ നിർമ്മലമാക്കുവാൻ സഹായിക്കുകയും എന്റെ അന്തരംഗത്തെ പൂർണ്ണമായി പരിവർത്തനം ചെയ്യുകയും ചെയ്യുന്നു. അങ്ങനെ അമ്മ എന്നെ തന്റെ അപ്പസ്തോലനും ഫലം നൽകുന്ന ഉപകരണവുമായി മാറ്റുന്നു.

പരിശുദ്ധ അമ്മയും നാമും തമ്മിലുള്ള നിരന്തരമായ ബന്ധമാണ് ഈ ആത്മീയതയുടെ പ്രത്യേക ആകർഷണം. പരിശുദ്ധ അമ്മ നമ്മുടെ സഹകരണം നിരന്തരം ആഗ്രഹിക്കുന്നു. "അമ്മേ, അങ്ങയെ കൂടാതെ ഞങ്ങൾക്ക് ഒന്നുമില്ല. ഞങ്ങളെ കൂടാതെ അമ്മയ്ക്കും ഒന്നുമില്ല." പരിശുദ്ധ അമ്മയോടൊത്ത് പ്രവർത്തിക്കുവാൻ നമ്മെ ക്ഷണിച്ചുകൊണ്ട് നമ്മുടെ മഹത്ത്വം ഉയർത്തുന്നു. അമ്മ നമ്മെ വളരെ പ്രധാനമായി കാണുന്നു. അങ്ങനെ അമ്മയെപ്പോലെ നാമും രക്ഷാകര കർമ്മത്തിൽ ഭാഗഭാക്കാകുന്നു. അങ്ങനെ നൂറ്റാണ്ടുകളായി തുടരുന്ന രക്ഷാകര കർമ്മത്തിൽ പരിശുദ്ധ അമ്മ നമ്മെ സഹചാരികളും സഹായികളുമാക്കുന്നു. നമ്മെ തന്റെ ഉപകരണങ്ങളും അപ്പസ്തോലനുമാക്കിക്കൊണ്ട് സഭയേയും ലോകത്തേയും നവീകരിക്കുവാൻ പരിശുദ്ധ അമ്മ അഭിലഷിക്കുന്നു. ഇതിനോട് നമുക്ക് സഹകരിക്കാം. ■







# കൈമാറും തിരിനാളങ്ങൾ

## ഷേൺസ്റ്റാട്ട് ഇന്ത്യയിലേയ്ക്ക്

ഫാ. ജോയ് മത്തുംപിടി ISch

ദൈവദാസനായ ജോസഫ് കെന്റ്ണിക്കച്ചന്റെ 50-ാം ചരമവർഷത്തിന്റെ ആരംഭം കുറിച്ചിരിക്കുകയാണ് 2017 സെപ്തംബർ 15 ന്. സ്വർഗ്ഗപിതാവിന്റെ പക്കൽ വാസസ്ഥലം പുൽകിയതിന്റെ ഓർമ്മ ആചരിക്കുന്ന ഈ വർഷം ഷേൺസ്റ്റാട്ട് കുടുംബം വിവിധ പരിപാടികളിലൂടെ ദൈവത്തിനു നന്ദി പറയുകയാണ്. ദൈവപരിപാലനയുടെ പ്രവാചകനായ കെന്റ്ണിക്കച്ചൻ, തന്റെ ശവമഞ്ചത്തിൽനിന്നും പകർന്നു നൽകിയ ദീപനാളമായ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികപ്രസ്ഥാനം ഇന്ത്യയിൽ സജീവമായിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ ഭാരതമണ്ണിലെ ഷേൺസ്റ്റാട്ടിന്റെ ഉത്ഭവത്തിലേയ്ക്ക് ഒരു തിരിഞ്ഞുനോട്ടമാണിവിടെ.

ഇരിങ്ങാലക്കുട രൂപതാംഗമായിരുന്ന ജോസ് അക്കരക്കാരനച്ചൻ പലവിധ നിയോഗങ്ങൾക്കായി ജർമ്മനി സന്ദർശിച്ചിരുന്നു. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെക്കുറിച്ചും അതിന്റെ ആദ്ധ്യാത്മികാചാര്യനായ കെന്റ്ണിക്കച്ചനെക്കുറിച്ചും കേട്ട നാൾ മുതൽ അദ്ദേഹത്തെ കൂടുതൽ പരിചയപ്പെടുവാൻ ജോസ് അക്കരക്കാരനച്ചൻ ആഗ്രഹിച്ചിരുന്നു. ദീർഘനാളുകളുടെ പരിസമാപ്തിയിൽ നടന്ന കൂടിക്കാഴ്ച തികച്ചും വ്യത്യസ്തവുമായിരുന്നു.

തങ്ങളുടെ ആദ്ധ്യാത്മികപിതാവും ഷേൺസ്റ്റാട്ടിന്റെ സ്ഥാപകനുമായ കെന്റ്ണിക്കച്ചൻ നാസി തടങ്കൽ പാളയത്തിൽനിന്നും സുരക്ഷിതനായി തിരിച്ചുവരികയാണെങ്കിൽ ഒരു ദേവാലയം നിർമ്മിക്കാമെന്ന് ഷേൺസ്റ്റാട്ട് കുടുംബാംഗങ്ങൾ നേർച്ചയായി ഒരു വാഗ്ദാനം ചെയ്തിരുന്നു. ദൈവത്തിന്റെ അനന്തപരിപാലന ഒന്നുകൊണ്ടുമാത്രം കെന്റ്ണിക്കച്ചൻ നാസി തടങ്കലിൽ നിന്നും മോചിതനാവുകയും ഷേൺസ്റ്റാട്ടിൽ തിരിച്ചെത്തുകയും ചെയ്തിരുന്നു. എന്നിരുന്നാലും വീണ്ടും മറ്റൊരു പരീക്ഷപോലെ കെന്റ്ണിക്കച്ചൻ അമേരിക്കയിലേയ്ക്ക് നാടുകടത്തപ്പെട്ടു. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ആരംഭവും വളർച്ചയും ദൈവേഷ്ടമനുസരിച്ചാണ് എന്ന് തെളിയിക്കുന്നതായിരുന്നു കെന്റ്ണിക്കച്ചന്റെ പതിനാലു വർഷത്തെ പ്രവാസജീവിതം. 1965-ലെ ക്രിസ്മസ് രാത്രിയിൽ ഷേൺസ്റ്റാട്ടിൽ തിരിച്ചെത്തിയ കെന്റ്ണിക്കച്ചനെ കണ്ട ജനം ദൈവപരിപാലനയുടെ മറ്റൊരു മുഹൂർത്തത്തിനു സാക്ഷികളാവുകയായിരുന്നു.



ഇതിനിടയിൽ, ഷേൺസ്റ്റാട്ട് കുടുംബാംഗങ്ങൾ തങ്ങൾ നടത്തിയ വാഗ്ദാനത്തിൽ വിശ്വസ്തത പുലർത്തിക്കൊണ്ട് 1968 ജൂൺ 9 ന് ഷേൺസ്റ്റാട്ട് കുന്നിൻമുകളിൽ മനോഹരമായ അഡോറേഷൻ ചാപ്പലിന്റെ പണിപൂർത്തിയാക്കി. അവിടെ ദിവ്യബലി അർപ്പിക്കുവാൻ കെന്റ്ണിക്കച്ചനെ പല പ്രാവശ്യവും ക്ഷണിച്ചുവെങ്കിലും 1968 സെപ്റ്റംബർ 15-ാം തിയ്യതി വ്യാകുലമാതാവിന്റെ തിരുനാൾ ദിനത്തിൽ അവിടെ ബലിയർപ്പിക്കുവാൻ താൻ വരുമെന്ന് അച്ചൻ അറിയിച്ചു. നാസിതടങ്കലിൽ നിന്നുള്ള മോചന





ത്തിനും പതിനാലുവർഷത്തെ പ്രവാസജീവിതത്തിൽനിന്നുള്ള തിരിച്ചുവരവിനും നന്ദി പറഞ്ഞുകൊണ്ടുള്ള കൃതജ്ഞതാബലിയായിരുന്നു അത്. തന്റെ അഭാവത്തിലും പരിശുദ്ധ അമ്മയ്ക്ക് സമർപ്പിക്കപ്പെട്ട ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെ ദൈവം വളർത്തിയതിനും കഷ്ടതകളുടെയും പരീക്ഷണങ്ങളുടെയും ഒടുവിൽ അഗ്നിശുദ്ധി ലഭിച്ചതിനും കെന്റണിക്കച്ചനോടൊപ്പം ഷേൺസ്റ്റാട്ട് കുടുംബം മുഴുവൻ പരിശുദ്ധ മാതാവിനും ദൈവത്തിനും നന്ദി അർപ്പിച്ചു.

പരി. അമ്മയുടെ വ്യാകുലങ്ങളെക്കുറിച്ച് സന്ദേശം നൽകി ബലിയർപ്പിച്ച് അൾത്താരയിൽ ചുംബനം നൽകി സങ്കീർത്തിയിൽ എത്തിയ കെന്റണിക്കച്ചൻ തന്റെ ജീവിതബലി അവിടെ പൂർണ്ണമാക്കുകയായിരുന്നു. അൾത്താരയിലെ അവസാന ചുംബനമായി, തിരുവസ്ത്രങ്ങളോടെ അദ്ദേഹം കുഴഞ്ഞുവീണു. **അമ്മയുടെ ദാസൻ നശിക്കുകയില്ല എന്ന വിശ്വാസം പോലെതന്നെ പരിശുദ്ധ അമ്മയുടെ വ്യാകുലതിരുനാളിൽ കെന്റണിക്കച്ചൻ ഈ ലോകവാസം വെടിഞ്ഞു എന്നത് ദൈവനിയോഗം തന്നെയാണ്.**

കാതങ്ങൾ യാത്ര ചെയ്ത് കെന്റണിക്കച്ചനെ കാണാൻ എത്തിയ ജോസ് അക്കരക്കാരൻ അച്ചൻ അവിടെ എത്തിയപ്പോൾ, ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ആയിരക്കണക്കിനാളുകൾ അവസാനമായി തങ്ങളുടെ ആത്മീയപിതാവിനെ ഒരു നോക്കുകാണുവാൻ തടിച്ചുകൂടിയിരിക്കുന്നതാണ് അവിടെ കണ്ടത്. താൻ കേട്ടതിലും എത്രയോ അധികമാണ് കെന്റണിക്കച്ചന്റെ ആത്മീയചൈതന്യവും അതിന്റെ






വിശുദ്ധിയും എന്ന് വൈകിയ വേളയിലെങ്കിലും ജോസച്ചൻ തിരിച്ചറിഞ്ഞു. അനേകായിരങ്ങൾക്ക് പിതാവിന്റെ സ്നേഹവും വാത്സല്യവും പകർന്നുകൊടുത്ത പുണ്യശ്ലോകനായ ആ വന്ദ്യ വൈദികന്റെ ശവമഞ്ചത്തിനരികെ നിന്നും **ഫാ. ജോസ് അക്കരക്കാരൻ ഒരു ദൗത്യം ഏറ്റെടുത്തു. മാതൃഭക്തിയിൽ അധിഷ്ഠിതമായ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെ താൻ ഭാരതമണ്ണിൽ നട്ടുവളർത്തും.** ജർമ്മനിയിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തിയ ഫാ. ജോസ് അക്കരക്കാരൻ, സഹോദരവൈദികനായ ആന്റണി അക്കരക്കാരനോടൊപ്പം കേരളത്തിൽ ഷേൺസ്റ്റാട്ടിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു.

കെന്റണിക്കച്ചന്റെ 50–ാം ചരമവാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിക്കുമ്പോൾ ഈ വൈദികരും ഷേൺസ്റ്റാട്ടിന്റെ ഇന്ത്യയിലെ വളർച്ചയിൽ ദൈവസന്നിധിയിൽ സന്തോഷിക്കുന്നുണ്ടാകും. ഭാരതത്തിലെ ഷേൺസ്റ്റാട്ടിന്റെ ഈറ്റില്ലമായ ഇരിങ്ങാലക്കുടയിലെ ആളൂരിലുള്ള പ്രസാദവരനാഥയുടെ കപ്പേളയിൽ അടക്കം ചെയ്യപ്പെട്ടിരിക്കുന്ന ജോസച്ചനും ആന്റണിയച്ചനും ഷേൺസ്റ്റാട്ട് മലയിലുള്ള പരിശുദ്ധ ത്രിത്വത്തിന്റെ നിത്യാരാധനാ ദേവാലയത്തിലെ പഴയ സങ്കീർത്തിയിൽ അന്ത്യവിശ്രമം കൊള്ളുന്ന ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനും ആത്മീയ പിതാവുമായ കെന്റണിക് അച്ചന്റെയും സന്നിധിയിൽ നമുക്ക് പ്രണമിക്കാം. ■

"എന്റെ ശവകുടീരത്തിൽ ആലേഖനം ചെയ്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നത്,
'അവൻ സഭയെ സ്നേഹിച്ചു' എന്നാണ്"





ലേഖനം

# തണലേകും ഭവനമിത്

ഫാ. പോൾ പനംകുളം ISch

**ഷേ**ൺസ്റ്റാട്ട്! മനോഹരമായ സ്ഥലം എന്നാണ് ഈ ജർമ്മൻ വാക്കുകളുടെ അർത്ഥം. പേരുപോലെത്തന്നെ അതിമനോഹരമായ സ്ഥലം. ചെടികളും മരങ്ങളും തിങ്ങിനിറഞ്ഞ കുന്നും മലകളും. താഴ്‌വരയിലേയ്ക്ക് ഒഴുകുന്ന കൊച്ചരുവി. ഇലകളിൽ, പൂക്കളിൽ എല്ലാം പ്രകൃതി ചാലിച്ച നിറക്കൂട്ടിന്റെ വിസ്മയം. ഷേൺസ്റ്റാട്ട്! ഈ സുന്ദരദേശത്തിനു ദൈവം നൽകിയ മറ്റൊരു മഹാദാനമാണ് സ്വർഗ്ഗഭൂലോകങ്ങളുടെ റാണിയായ പരിശുദ്ധ അമ്മയുടെ കപ്പേള. **പരിശുദ്ധ കന്യകാമറിയത്തിന്റെ ഈ കപ്പേളയാണ് ഷേൺസ്റ്റാട്ട് അഥവാ സുന്ദരദേശത്തിന്റെ തിലകക്കുറി – അന്തർദേശീയ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ആത്മീയ ഉറവ.** ചെറുതും നിസ്സാരവുമായ തുടക്കങ്ങൾ ലോക ചരിത്രത്തെ തന്നെ മാറ്റിമറിച്ചേക്കാം എന്നുള്ള കെന്റ്ണിഹ് അച്ചന്റെ വാക്കുകളെ യാഥാർത്ഥ്യമാക്കിക്കൊണ്ട് കപ്പേളയുടെ ആത്മീയചൈതന്യം അനവധി രാജ്യങ്ങളിലേയ്ക്ക് പ്രവഹിച്ചു. ഒക്ടോബർ 18-ാം തിയ്യതി പല ഭാഗങ്ങളിലായി ലോകം മുഴുവനിലും നിലകൊള്ളുന്ന 199 കപ്പേളകളിലും മാതാവിന്റെ തിരുനാൾ സാഘോഷം കൊണ്ടാടുന്നു.



ഒന്നാം ലോകമഹായുദ്ധത്തിൽ നിർബന്ധിത സൈനികസേവനത്തിൽ പങ്കെടുക്കേണ്ടിവന്ന ഷേൺസ്റ്റാട്ടിലെ വൈദിക വിദ്യാർത്ഥികൾക്ക് വിശപ്പിലും ദാഹത്തിലും കൊടുംതണുപ്പിലും യുദ്ധഭൂമിയിലെ മരണഭയത്തിലുമെല്ലാം തളരാതെ താങ്ങായി നിന്നത് കപ്പേളയുടെ കരുത്തായിരുന്നു. ജോസഫ് എങ്ക്ളിഗ് എന്ന വിദ്യാർത്ഥിയുടെ യുദ്ധകാലഘട്ടത്തിലെ ഡയറിക്കുറിപ്പുകൾ, കപ്പേളയിൽ വാഴുന്ന പരി. അമ്മയോടുള്ള സ്നേഹാദരവുകൾ എത്ര വലുതായിരുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു. രക്തം ഉറഞ്ഞുപോകുംവിധമുള്ള അതിശൈത്യരാത്രികളിലും മറ്റു പട്ടാളക്കാർ ചെയ്യുന്നതുപോലെ പുകവലിക്കാനോ മദ്യപിക്കാനോ, ബാരക്കുകളിലെ വിരസത അകറ്റുവാൻ ചീട്ടുകളിക്കാനോ പോലും തയ്യാറാകാതെ ചെറിയ കാര്യങ്ങളെങ്കിലും വലിയ ശ്രദ്ധയോടെ നിറവേറ്റിക്കൊണ്ട് പരിശുദ്ധ അമ്മയോടുള്ള സ്നേഹത്തെപ്രതി അനുദിന ജീവിത വിശുദ്ധിയിൽ ജീവിക്കുകയും കൂടെയുള്ള മറ്റ് സൈനികർക്കും കപ്പേളയുടെ ചൈതന്യത്തിൽ വീരോചിതമായി മുന്നേറാൻ ആവേശം പകരുകയും ചെയ്ത യുവാവായിരുന്നു ജോസഫ് എങ്ക്ളിഗ്.

മാക്സ് വൂമർ, മാക്സ് ബ്രൂണർ തുടങ്ങിയ യുവാക്കളും മാതാവിനോടുള്ള സ്നേഹഉടമ്പടിയിൽ ജീവിതം സമർപ്പിച്ചവരായിരുന്നു. ശത്രുരാജ്യങ്ങളോടുള്ള യുദ്ധം എന്നതിനേക്കാൾ, തങ്ങളുടെ തന്നെ ജീവിത നവീകരണത്തിനായിരുന്നു അവർ ഇക്കാലയളവിൽ ശ്രദ്ധ വെച്ചിരുന്നത്. ഷേൺസ്റ്റാട്ടിലെ കപ്പേളയെ ചുറ്റിപ്പറ്റി ഭാവിയിൽ വൈദികരാകാൻ ആഗ്രഹിച്ച അവർ പോർകളത്തിൽ മരിച്ചുവീണു. മാതാവിന്റെ





ദാസർ ഒരിക്കലും നശിക്കുകയില്ല എന്ന അവരുടെ വിശ്വാസംപോലെ തന്നെ, അവരുടെ ഭൗതിക ശരീരങ്ങൾ പരിശുദ്ധ അമ്മയുടെ കപ്പേളയോട് ചേർന്ന് അടക്കം ചെയ്യപ്പെട്ടിരിക്കുന്നു. മരിയൻ സൊഡാലിറ്റി അംഗങ്ങൾ എന്ന നിലയിലും യുദ്ധത്തിൽ സൈനികസേവനമനുഷ്ഠിച്ച നിലയിലും അവർക്കു ലഭിച്ച മെഡലുകളും സ്ഥാനചിഹ്നങ്ങളും ഇന്നും കപ്പേളയിൽ സൂക്ഷിച്ചിരിക്കുന്നു.

“കുഞ്ഞുങ്ങളെ നിങ്ങളുടെ അമ്മയെ ഒരിക്കലും മറക്കരുത്” എന്ന തങ്ങളുടെ ആത്മീയ പിതാവായ കെന്റണിഹ് അച്ചന്റെ വാക്കുകളെ സ്വജീവിതത്തിൽ അന്വർത്ഥമാക്കിയ ധീരാത്മാക്കളാകാൻ മാതൃഭക്തരായ ആ യുവസംഘത്തിനു സാധിച്ചു. ഇന്നിന്റെ കഷ്ടതകളെ പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചുകൊണ്ട് എന്നും ആ കൊച്ചു കപ്പേളയ്ക്കുവേണ്ടി അവർ സഹനങ്ങളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്തു.

ഈ ആധുനിക യുഗത്തിലും യുവജനങ്ങൾ കപ്പേളയുടെ തണലിൽ അഭയം തേടുന്നു. കാലഘട്ടം മാറിയാലും സാങ്കേതിക പുരോഗതി എത്ര വളർന്നാലും രാജ്യങ്ങൾ സമ്പന്നമായാലും മനുഷ്യമനസ്സുകളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമായികൊണ്ടിരിക്കുന്നു. സ്നേഹിക്കുവാനും വാത്സല്യമേകാനും ലാളിത്യത്തിന്റെ ഇടമായ കൊച്ചുകപ്പേളയിൽ മാതാവിനെ കണ്ടെത്തുമ്പോൾ ദുഃഖവും നിരാശയും മാഞ്ഞുപോകുന്നു. പരിശുദ്ധ അമ്മയുമായുള്ള പരസ്പരസ്നേഹത്തിന്റെ സന്ദേശവാഹകരായിത്തീരുന്നു. എവിടെ ആയാലും ഏതു ജീവിതാവസ്ഥയിൽ വ്യാപരിക്കുന്നരായാലും കപ്പേളയുടെ ആത്മീയ പ്രകാശത്തിൽ ഏവരും പുതിയ മനുഷ്യരായിത്തീരുന്നു. ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കുവാനുള്ള ഉപകരണമാക്കി പരിശുദ്ധ അമ്മ ഏവരെയും രൂപാന്തരപ്പെടുത്തുന്നു.



## ഉപകാരസ്മരണ

പ്രസാദവരമാതാവിന്റെ മദ്ധ്യസ്ഥതയിൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിൽ ഉപകാരസ്മരണ

**വർഗ്ഗീസ് വല്ലത്തുകാരൻ**
ചാലക്കുടി

# അമ്മയെന്ന വിശുദ്ധ സാന്നിധ്യം...



സി. റോസ്ന CSM

കുഞ്ഞുങ്ങളുടെ യാത്രകൾ പ്രദക്ഷിണങ്ങൾ ആകുന്നത് അമ്മയുടെ സാന്നിധ്യത്തിലാണ്. അമ്മയുടെ നിഴൽ കുഞ്ഞുങ്ങളുടെ മനസ്സിലും ഹൃദയത്തിലും ആഹ്ലാദത്തിന്റെയും സുരക്ഷിതത്വത്തിന്റെയും തിരകളുയർത്തുന്നു. കുഞ്ഞുങ്ങളിലെ വികാരങ്ങളുടെ വേലിയേറ്റങ്ങളിൽ ഏറ്റവും കൂടുതൽ മിന്നിമറയുന്ന വിശുദ്ധ സാന്നിധ്യമാണ് അമ്മ. അവരുടെ എല്ലാ പ്രശ്നങ്ങൾക്കും അവസാന ഉത്തരം ഈ അമ്മയാണ്. അമ്മയുടെ സാരിത്തുമ്പിൽ തൂങ്ങിയാണ് അവനും അവളും നടക്കാൻ പഠിക്കുന്നത്. ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും അമ്മയുടെ സാന്നിധ്യമാണ്. ഈ സാന്നിധ്യത്തിന് എത്ര വലിയ ജീവിത നൈരാശ്യത്തെയും തരണം ചെയ്യാൻ ശക്തിയുണ്ട്. അമ്മയെന്ന ഓർമ്മ തന്നെ പ്രക്ഷുബ്ധമായ ജീവിത സാഗരത്തെ ശാന്തമാക്കാനും തിന്മയുടെ താഴ്വാരങ്ങളിൽനിന്ന് വിശുദ്ധിയുടെ ശ്രീകോവിലിലേയ്ക്ക് എത്തിപ്പെടാനും അമ്മയെന്ന സാന്നിധ്യത്തിന് ശക്തിയുണ്ട്. പ്രപഞ്ചം മുഴുവൻ ചൂഴ്ന്ന് നിൽക്കുന്ന അമ്മയെന്ന ഈ സാന്നിധ്യത്തിന് അർത്ഥവും വ്യാപ്തിയും സീമാതീതമാണ്. ഏതു മനുഷ്യനിലും എന്നും ഹരിതാഭമായി അമ്മ നിലകൊള്ളുന്നു.



സ്ത്രീയെ നിന്റെ ജീവിതം കുഞ്ഞുങ്ങൾക്കുവേണ്ടിയല്ലെങ്കിൽ, സ്വപ്നങ്ങൾ അവരെക്കുറിച്ചല്ലെങ്കിൽ നീയെങ്ങനെയൊരമ്മയാകും? വി. അഗസ്റ്റിൻ, സ്വന്തം അമ്മയെക്കുറിച്ചു പറയുന്ന വാക്കുകൾ അമ്മയെന്ന വിശുദ്ധ സാന്നിധ്യത്തിന്റെ സാർവ്വത്രികതയും മഹനീയതയും ഉയർത്തിക്കാട്ടുന്നവയാണ്. "അമ്മയ്ക്ക് എന്നോടുണ്ടായിരുന്ന സ്നേഹം എത്രയെന്ന് വർണ്ണിക്കുക വയ്യ; അവളുടെ വാക്കുകളും നോട്ടങ്ങളും വഴി അവൾ ഞങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിലേയ്ക്കുയർത്തി". കുഞ്ഞുങ്ങളുടെ വളർച്ചയും രൂപീകരണവും അമ്മയെന്ന തിരുമുറ്റത്താണ് അരങ്ങേറുന്നത്. അമ്മയെന്ന വാക്ക് കർണ്ണപുടങ്ങളെ തഴുകുമ്പോൾ കണ്ണുകളിൽ നിറയുന്നത് അമ്മയുടെ സംരക്ഷണത്തിന്റെ കഥയാണ്. ആരെല്ലാം തള്ളിയാലും മാറ്റി നിർത്തിയാലും അമ്മയ്ക്കൊരിക്കലും മക്കളെ വെറുക്കാനാവില്ല. അപമാനത്തിന്റെ ചുഴിയിൽപ്പെട്ട് ഉഴലുമ്പോഴും തേങ്ങുന്ന ഒരു ഹൃദയവും നിറയുന്ന കണ്ണുകളും ഉണ്ടാകും അത് ഒരമ്മയുടേതാണ്.

ഭൂമിയിലെ അമ്മ മരണദൂതന്റെ കാഹളം കേൾക്കുന്ന മാത്രയിൽ നിസ്സഹായയാവുകയും, വേർപിരിയുകയും ചെയ്യുന്നു. എന്നാൽ സ്വർഗ്ഗീയ അമ്മയ്ക്ക് മരണ വിനാഴികയിലും ഹൃദയത്തിലെ ചൂടും, സംരക്ഷണവും തരാൻ മാത്രം ശക്തയാണ്. ആ സ്വർഗ്ഗീയ അമ്മയെ മുറുകെ പിടിക്കാൻ നാം എന്തിനു വൈകണം?

നമ്മുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ പരി. അമ്മയെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അമ്മ കൂടെ നടന്ന് നമ്മെ സഹായിക്കും. നമുക്കുള്ളതും നമ്മുടെ ഉള്ളും മറ്റാരെക്കാളും അറിയാവുന്നത് പരി. അമ്മയ്ക്കാണ്. ആരോടും പറയാതെ പോകുന്ന നമ്മുടെ സങ്കടങ്ങൾ, ഹൃദയവേദനകൾ, പരാതികൾ, പരിഭവങ്ങൾ എല്ലാം

ഉണ്ണീശോയെ ഹൃദയത്തോടു ചേർത്തു പിടിച്ചിരിക്കുന്ന അമ്മയ്ക്ക് സമർപ്പിക്കാം. പരി. അമ്മ എവിടെയുണ്ടോ അവിടെ നന്മയും, പൂർണ്ണതയുമുണ്ട്. നിരാശ പൂണ്ട ജീവിതത്തിൽ പ്രത്യാശയുടെ പൊൻവെളിച്ചം തൂകി കൊണ്ട് അമ്മ കടന്നുവരും.

'ഒടിഞ്ഞ ചിറകുകൾ' എന്ന നോവലിൽ ഖലിൻ ജിബ്രാൻ തങ്കലിപികളിൽ എഴുതിവയ്ക്കേണ്ട അനശ്വരവാക്യങ്ങൾ കൊത്തിവച്ചിട്ടുണ്ട്. "ഈ ജീവിതത്തിൽ അമ്മയാണെല്ലാം..." ദുഃഖത്തിന്റെ നിമിഷങ്ങളിൽ അമ്മ ഒരു സാന്ത്വനമാണ്. നൈരാശ്യത്തിന്റെ മുഹൂർത്തങ്ങളിൽ അമ്മ പ്രതീക്ഷയാകും. തളരുന്ന സന്ദർഭങ്ങളിൽ അമ്മ കരുത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. സഹനത്തിന്റെയും ത്യാഗത്തിന്റെയും ക്ഷമയുടെയും പ്രഥമസ്ഥാനമാണ് അമ്മ. തലചായ്ച്ചു വിശ്രമിക്കാനുള്ള സ്നേഹോഷ്മളമായ ഒരു വക്ഷസ്സാണ്, അനുഗ്രഹിക്കാൻ ഉയരേണ്ട കരങ്ങളാണ്, കാത്തുസൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട നേത്രങ്ങളാണ്. മക്കൾ അംഗീകരിച്ചാലും ഇല്ലെങ്കിലും അമ്മ എപ്പോഴും അമ്മ തന്നെ. മക്കളുടെ കണ്ണുനീർ കണ്ടുനിൽക്കാൻ അമ്മയ്ക്കു സാധ്യമല്ല. അവന്റെ മുഖം വാടുമ്പോൾ അവളുടെ ഹൃദയമാണ് തേങ്ങുന്നത്.



കൊഴിഞ്ഞുവീണ ഇന്നലെകളിൽ പരി. അമ്മയുടെ മാതൃവാത്സല്യത്തിനും സംരക്ഷണത്തിനും കരുതലിനും നന്ദി നിറഞ്ഞ ഹൃദയത്തോടെ വിശ്വസ്തരായി, അമ്മയുടെ മാധ്യസ്ഥശക്തിയിൽ ആശ്രയിച്ചുകൊണ്ട് പ്രകാശമാകുന്ന ഈശോയെ ലോകത്തിനു പകർന്നുകൊടുക്കുന്ന നല്ല മക്കളായി നമുക്ക് മാറാം. പരി. അമ്മയോടൊത്തുള്ള നമ്മുടെ അനുദിന യാത്രകളെന്നും അവിസ്മരണീയമാകട്ടെ. ■

# നിനക്കായി...

ഫ്രഞ്ച്‌വിപ്ലവം നടന്നുകൊണ്ടിരിക്കുന്ന കാലം. ഒരു ഗ്രാമം ശത്രു സൈന്യത്തിന്റെ കനത്ത ആക്രമണത്തിന് ഇരയായി. ഒരമ്മ അവളുടെ രണ്ടു മക്കളുമായി പ്രാണരക്ഷാർത്ഥം വീടുപേക്ഷിച്ച് ഓടിപ്പോയി വനാന്തരങ്ങളിലും വിജനപ്രദേശങ്ങളിലുമായി അവർ ഓരോ ദിവസവും കഴിച്ചുകൂട്ടി. വെള്ളവും ഭക്ഷണവും ലഭിക്കാതെ ക്ഷീണിച്ച് അവശരായ അവരെ ശത്രുസൈന്യം കണ്ടുപിടിച്ചു. പട്ടാളക്കാരിൽ ഒരുവൻ അവരെ തെരുവഴിയിൽ വലിച്ചിഴച്ചു. എന്നാൽ അവരുടെ ദയനീയത കണ്ടാമാത്രയിൽ പട്ടാളക്കാരുടെ ക്യാപ്റ്റന് ആ സ്ത്രീയോട് അലിവ് തോന്നി. തന്റെ തുകൽ സഞ്ചിയിൽ നിന്ന് ഒരപ്പമെടുത്ത് ആ സ്ത്രീക്ക് നേരെ നീട്ടി. വിശപ്പുകൊണ്ട് ഒരു ഭ്രാന്തിയേപ്പോലെ ആയിത്തീർന്ന ആ സ്ത്രീ ആർത്തിയോടെ ചാടിവീണ് അപ്പം കൈയിലാക്കി. ഉടൻ തന്നെ അവൾ അത് രണ്ടു കഷണങ്ങളായി ഒടിച്ച് ഒട്ടിയ വയറോടുകൂടി തന്നോട് ചേർന്നു നിൽക്കുന്ന അവളുടെ രണ്ടു കുഞ്ഞുങ്ങൾക്കുമായി നൽകി. നാളുകൾക്ക് ശേഷം തങ്ങൾക്ക് കിട്ടിയ റൊട്ടി ആർത്തിയോടെ തിന്നുന്ന കുഞ്ഞുങ്ങളെ നോക്കി അവൾ അൽപനേരം സംതൃപ്തിയോടെ നിന്നു. ഈ രംഗം കണ്ടുനിന്ന പട്ടാളക്കാർ മനസ്സലിഞ്ഞ്, മാതൃസ്നേഹത്തിന്റെ പ്രതിബിംബമായ ആ അമ്മയേയും അവളുടെ കുഞ്ഞുങ്ങളെയും സംരക്ഷണപാർപ്പിടങ്ങളിലേയ്ക്ക് കൊണ്ടുപോയി. ■



# നരകത്തിലെ ഭരണത്തിനും സ്വർഗത്തിലെ സേവനത്തിനുമിടയിൽ

ഫാ. പോൾ തേലക്കാട്ട്

സ്വർഗത്തിൽ സേവിക്കണോ, നരകത്തിൽ ഭരിക്കണോ? ലൂസിഫർ ദാസ്യവൃത്തി വെടിഞ്ഞു ഭരണം തിരഞ്ഞെടുത്തു. ഇതു സ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണ്. ബ്രിട്ടീഷുകാർ യൂറോപ്യൻ യൂണിയൻ എന്ന വിശാലസഖ്യത്തിൽ നിന്നു പുറത്തുകടക്കാൻ തീരുമാനിച്ചു. സകലമാന ആളുകളും ബ്രിട്ടനിലേക്കു കടന്ന് അവരുടെ "ജോലികൾ" മോഷ്ടിക്കാൻ തുടങ്ങുമ്പോൾ അവർ വാതിലടയ്ക്കാൻ തീരുമാനിച്ചു. ചരിത്രം സൃഷ്ടിച്ച ഈ തീരുമാനത്തിൽ ആ രാജ്യം ആതിഥ്യത്തിന്റെ വാതിലടച്ചു. ഇതു യൂറോപ്പിന്റെ പ്രതിസന്ധിയാണ്. വലിയ യുദ്ധങ്ങളുടെ യൂറോപ്യൻ പശ്ചാത്തലത്തിൽ എഡ്മണ്ട് ഹുസ്സേൽ (1859-1938) എഴുതി: "യൂറോപ്യൻ അസ്തിത്വത്തിന്റെ പ്രതിസന്ധി രണ്ടിലൊരു വഴിയിലാവാനേ വഴിയുള്ളൂ. ജീവിതത്തെ ബൗദ്ധികാർത്ഥത്തിൽ അന്യവത്കരിച്ച് ആത്മാവിനെ വെറുക്കുന്ന കിരാതത്വത്തിലേക്കു വഴുതിയും യൂറോപ്പിന്റെ നാശം; അല്ലെങ്കിൽ ബുദ്ധിയുടെ സാഹസികതകൊണ്ടു നിശ്ചയമായും പ്രകൃതിയുടെ വിധിക്കു വിധേയമാവാതെ ദാർശനികതയുടെ ആത്മാവിനാൽ ഉണ്ടാകുന്ന പുനർജന്മം." മാനവകുലത്തിനുവേണ്ടിയുള്ള ദൗത്യത്തിൽ യൂറോപ്പ് പഴക്ക-തഴക്കങ്ങളിൽ ക്ഷീണിച്ചു നിരാശപ്പെടാതെ ആന്തരികശക്തിയാൽ മുക്തി പ്രാപിക്കണമെന്നും യഥാർത്ഥമായ ആത്മചൈതന്യത്തെ കെടാതെ സൂക്ഷിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.



ഇതു മനുഷ്യൻ തന്റെ സ്വാതന്ത്ര്യം കണ്ടെത്തി നിർവചിച്ചു നീങ്ങുന്നതിലാണ്. മാനവികത ഒരു കൂട്ടമാണോ? ഒരു ശല്യപ്പെടുത്തലും ഇഴഞ്ഞുകേറാത്ത കൂട്ടം. അങ്ങനെയുള്ള ചിന്തയ്ക്ക് ആക്കം കൂടിയതിന്റെ തെളിവാണു മുസ്ലീം അഭയാർത്ഥികൾക്ക് ആതിഥ്യം കൊടുക്കണമെന്ന ഫ്രാൻസിസ് മാർപാപ്പയുടെ നിർദ്ദേശത്തെ എതിർത്ത് അവർ "ഭീകരരാണ്" എന്നു പറഞ്ഞ ഹങ്കറിയിലെ കത്തോലിക്കാ മെത്രാൻ. "ഞങ്ങൾ" "അവർ" എന്ന വിഭജനമുണ്ടാക്കി. എനിക്കു ഞാൻ മതി; ഞങ്ങൾക്കു ഞങ്ങളും എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. അവിടെ വ്യക്തിയും കൂട്ടവും തന്നിലേക്കും തങ്ങളിലേക്കും മടങ്ങി ചുരുങ്ങുന്നു. ഇതൊരു സ്വയം പര്യാപ്തചിന്തയാണ്. എന്റെ സ്വയംപര്യാപ്തസുഖത്തിനു പുറത്തേയ്ക്കു വാതിൽ പൂട്ടി അകത്തു സുഖമായി വസിക്കുക. **ഞങ്ങൾക്കു ഞങ്ങൾ മാത്രം എന്ന ഏകാന്തത ഒരു ശല്യവും പുറത്തുനിന്ന് അനുവദിക്കാത്ത സുഖമാണ്.**

ഇതായിരുന്നു നാർസിസുസിന്റെ ജീവിതം. അയാൾ അഹങ്കാരിയും സുന്ദരനുമായിരുന്നു; തന്നെ സ്നേഹിക്കുന്നവരെ വെറുക്കുന്നവനും. അയാൾ അയാളിൽത്തന്നെ അനുരക്തനായി. അതു മരണ അനുരാഗമായി പരിണമിച്ചു. ഒരു വ്യക്തിയോ കൂട്ടമോ ഇങ്ങനെ ചിന്തിച്ചു പെരുമാറാൻ തുടങ്ങുമ്പോൾ മൗലികവാദത്തിന്റെയും വർഗീയതയുടെയും പ്രലോഭനത്തിലാണ്. ഇവർ

മറ്റു മനുഷ്യരിൽ നിന്നു തങ്ങളെ കോട്ട കെട്ടി സംരക്ഷിക്കുന്നു. മണ്ണിന്റെ മക്കൾ വാദം. മറ്റു മനുഷ്യർ ശല്യക്കാരും ഒഴിവാക്കേണ്ട കൊള്ള ക്കാരുമായി മുദ്ര കുത്തപ്പെടുന്ന. ഈ കോട്ട കെട്ടുന്നതുതന്നെ അന്തമില്ലാത്ത യുദ്ധത്തിനും കൊലയ്ക്കുമായുള്ള തീരുമാനത്തിന്റെ ഭാഗമാകും. ഇതൊരു സർവാധിപത്യമാണ്. ഞാൻ ചിന്ത എന്നതു വ്യാപിച്ച് അത് ഒരു സമഗ്രാധിപത്യമായി മാറുന്നു.

ഈ വർഗവേലികളുടെ പശ്ചാത്തലത്തിലാണു മനുഷ്യൻ സ്വന്തം മനുഷ്യത്വത്തെക്കുറിച്ചു ഹുസ്സേൽ സൂചിപ്പിച്ചതു പോലെ ചിന്തിക്കേണ്ടത്. അങ്ങനെയുള്ള അന്വേഷണത്തിന്റെ ഒരു മുഖമാണു സാർത്രിന്റെ ''പുറത്തേയ്ക്കു വഴിയില്ല" (No exit) എന്ന നാടകം അവതരിപ്പിക്കുന്നത്. ''അപരൻ നരകം" എന്ന പ്രഖ്യാപനത്തിലാണ് അതവസാനിക്കുന്നത്. ഇതു നരകത്തിലായ കുറേ മനുഷ്യരുടെ നാടകമുഹൂർത്തമാണ്.



"യഥാർത്ഥത്തിൽ ദാർശനികമായ ഒരു പ്രശ്നമേയുള്ളൂ – ആത്മഹത്യ. ജീവിതം ജീവിതവ്യമാണോ അല്ലയോ എന്നു നിശ്ചയിക്കുന്നത് ഈ അടിസ്ഥാന ചോദ്യത്തിന്റെ ഉത്തരം ആശ്രയിച്ചിരിക്കും" ആർബർട്ട് കാമ്യൂവിന്റെ നിലപാടാണ്. ഇത് ആത്മഹത്യ ചെയ്യാനുള്ള ആഹ്വാനമല്ല. ജീവിതവും മരണവും മുന്നിൽ നില്ക്കുമ്പോൾ എന്തു തിരഞ്ഞെടുക്കണം, എന്തിന്? ഈ ചോദ്യം ബോധതലത്തിൽ നീറ്റലായി കടന്നുപിടിക്കും. ഹൈഡഗറിനെ ഉദ്ധരിച്ചുകൊണ്ടു കാമ്യൂ എഴുതി: സംഘർഷമാണ് എല്ലാറ്റിന്റെയും ഉറവിടം. മുകളിലോട്ടോ താഴോട്ടോ, ഇടത്തോട്ടോ വലത്തോട്ടോ എന്ന പകപ്പാണ് ആകാംക്ഷ. അതുണ്ടാക്കുന്നത് അരക്ഷിതബോധമാണ്. അതാണു മനുഷ്യാസ്തിത്വത്തിന്റെ മഹാഭാരം. ഈ പ്രശ്നം ഉണർന്നവന്റെയാണ്, ഉറങ്ങുന്നവന്റെയല്ല. ഉണർന്നവനു പിന്നെ ഉറങ്ങാനാവാത്തതാണ് ആകാംക്ഷ.

ഇത് ആയിത്തീരലിന്റെ കടവിൽ നില്ക്കുന്നവന്റെ അങ്കലാപ്പാണ്. ജീവിതം ആയിരിക്കുകയല്ല, ആയിത്തീരലിന്റെ ഒരു സരണിയാണത്. ഈ പ്രതിസന്ധി കഴിയുന്നതും കഴിയാത്തതുമുണ്ടാക്കുന്ന പ്രതിബന്ധങ്ങളോ തടസ്സങ്ങളോ അല്ല. അതിന് ആവശ്യമായ സന്നദ്ധതയുടെ അഭാവവുമല്ല. കാലദേശത്തിന്റെ പരിവട്ടത്തിലെ ആയിത്തീരലിന്റെ ആവിഷ്കാരത്തിന്റെ സ്വാതന്ത്ര്യം എന്നതാണു മൗലികം. അഥവാ ഈ സ്വാതന്ത്ര്യമെന്നതു ജീവിതത്തിന്റെ വിരിയലാണ്, വെളിവാകലാണ്. സ്വാതന്ത്ര്യത്തിന്റെ ബോധോദയം സംഭവിക്കാത്തവർക്കു ജീവിതം ചരിത്രവിധിക്കുള്ളിലെ കേളിയാണ്. പക്ഷേ, ചരിത്രമുണ്ടാക്കുന്ന മനുഷ്യനു ചരിത്രമാരംഭിക്കുന്നത് അവന്റെ അസ്തിത്വത്തിന്റെ പുഷ്പിക്കലിലാണ്. അതാണു സംഭവം; അതായത്, അവൻ സംഭവിക്കുകയാണ്. അതു സത്യത്തിന്റെ വെളിപാടുമാണ്. ഈ വെളിവാക്കലുമായി ബന്ധപ്പെടാതെ സ്വാതന്ത്ര്യം മനസ്സിലാക്കാനാവില്ല. സ്വാതന്ത്ര്യത്തിന്റെ സത്തയാണു സത്യം. സത്യത്തിലേക്കുള്ള സ്വാതന്ത്ര്യത്തിന്റെ വഴി എപ്പോഴും വഴുതുന്നതും പിഴയ്ക്കുന്നതുമാണ്. കാരണം അസ്തിത്വം മറക്കുന്ന മറവിയുടെ ഭാരവുമായാണ് ഈ ധാര. അത് എപ്പോഴും മിഥ്യയിൽനിന്നു മുക്തിയിലൂടെ സത്യത്തിനായുള്ള സാദ്ധ്യതയുമാണ്. മാത്രമല്ല അതുകൊണ്ടു

തന്നെ നിരാമയമായ ആകാംക്ഷയുടേതുമാണ്. ചെക്ക് ചിന്തകനായ യാൻ പട്ടോച്ക എഴുതി: “ചരിത്രത്തിന്റെ മർമ്മം എന്തിന്റെയൊക്കെ വേരു പറിക്കാം, എന്തൊക്കെ ഇളക്കാം എന്നതല്ല. ഇളക്കുക സാദ്ധ്യമാണ് എന്നതാണ്.” “ഇതാണു സോക്രട്ടീസ് എന്ന ആളുടെ പ്രസക്തി.” സോക്രട്ടീസ് ചോദ്യം ചെയ്യലിന്റെ ഉപജ്ഞാതാവായിരുന്നതുപോലെ മനുഷ്യന്റെ ചരിത്രപരതയുടെ കണ്ടെത്തലുകാരനുമായിരുന്നു. ഇതു പ്ലേറ്റോ രണ്ടു വാക്കുകളിൽ സംഗ്രഹിച്ചു നല്കി – ആത്മപരിപാലനം (Care of the soul) അതാണു ചരിത്രം സൃഷ്ടിക്കുന്ന ആന്തരികതയിൽ നിന്നുള്ള ജീവിതം. അതു ഹെറാക്ലീറ്റസ് എഴുതിയതുപോലെ നിത്യശാന്തിയല്ല, നിത്യമായ അശാന്തിയുടെ ജീവിതമാണ്. ജീവിതം അവിരാമമായ സംഘർഷങ്ങളുടെയാണ്. അപ്പോൾ മാത്രമാണു സ്വാതന്ത്ര്യം ജീവിക്കുന്നുള്ളൂ. പട്ടോച്കയുടെ പാഷണ്ഡപ്രബന്ധങ്ങളുടെ (Heretical essays) പ്രസക്തി ഇതാണ്. കമ്യൂണിസ്റ്റ് ആധിപത്യത്തിനുള്ളിലാണ് ഈ പാഷണ്ഡചിന്തകൾ ഉണ്ടായത്. പാഷണ്ഡത നിലനില്ക്കുന്ന പ്രാമാണികതയിൽ നിന്നുള്ള വിഘടനമാണ്. പുതുമ പാഷണ്ഡതയായി ജന്മമെടുക്കുന്നു. അങ്ങനെയാണു പുതിയ ചരിത്രം ഉണ്ടാകുന്നത്. അപ്പോഴാണ് അസ്തിത്വം അജ്ഞാതമായ അപ്പുറം കാണാൻ തുടങ്ങുന്നത്. പുതിയ നാടും ഭാവിയുടെ ചക്രവാളവും വെളിവാകുന്നു. അതു ജീവിതത്തെ ചലിപ്പിക്കുന്നു. മനുഷ്യന്റെ സ്വയം ശാസിത ജീവിത പ്രയാണം വാസമല്ല പുറപ്പാടാണ്. അതു ചരിത്രപരതയുടെ ഹൃദയത്തിൽ വിപ്ലവം സൃഷ്ടിക്കുന്നു. കാരണം യുക്തിയില്ലാത്ത ചരിത്രമില്ല, ചരിത്രമില്ലാത്ത യുക്തിയുമില്ല.



ഈ യാത്രയിലും അക്രമം അന്തർലീനമാണ്. “ദൈവികതയുടെ കുത്തൊഴുക്കി”നെക്കുറിച്ച് എമിൽ ഡുർക്ഹൈ എഴുതിയത് ഓർമിക്കാം. അത് അകത്ത് എരിയുന്ന മതാത്മകതയുടെ തീയാണ്. അത് അക്രമത്തിന്റെ അഗ്നി തന്നെ. അത് ആളിക്കത്തി ഭീകരതകൾ ഉണ്ടാക്കുന്ന ഒരു ചരിത്രപശ്ചാത്തലത്തിലാണു നാം. “ഹർഷോന്മാദം സ്വാതന്ത്ര്യമാണ് എന്നു നടിക്കും, ചിലപ്പോൾ അത് അങ്ങനെ ആകുകയും ചെയ്യും. ഉന്മാദത്തെ അതിജീവിക്കുമ്പോഴാണ് അതു സ്വാതന്ത്ര്യമാകുന്നത്. ഉന്മാദപരമായ ദൈവികത പൈശാചികതയായി മാറുന്നു.” പട്ടോച്ക എഴുതി: “മതം പരിശുദ്ധമല്ല; ഉന്മാദത്തിൽ നിന്നുമല്ല അതിന്റെ അനുഷ്ഠാനങ്ങൾ ഉണ്ടാകുന്നത്. പൈശാചികമായ ദൈവികത വ്യക്തമായി വിധേയപ്പെടണം. ഉത്തരവാദിത്വത്തിന്റെ ഇടപെടൽ അതിൽ ഉണ്ടാകുമ്പോഴാണു ദൈവികത നിയന്ത്രിതമാകുന്നത്.” ദൈവികം എന്നു കരുതുന്ന ശക്തമായ ഏതോ അസാന്നിദ്ധ്യത്തിന്റെ ശക്തിയാണു മതപരമായ ഭീകരതയായി പ്രത്യക്ഷപ്പെടുന്നത്. ഉത്തരവാദിത്വത്തിന്റെ ഇടപെടൽ അക്രമത്തെ തന്നിലേക്കുതന്നെ തിരിക്കുന്നു. അതു മരണാനുഭവമായി മാറുന്നു. ഏതോ ഇരുട്ടിന്റെ കുത്തിയൊഴുക്കിലാണ് അക്രമം. വെളിച്ചമില്ലാത്ത രാത്രി മാത്രമല്ല ഇരുട്ട്. അതു വെളിച്ചമുണ്ടാക്കുന്ന വെളിച്ചത്തിന്റെ ഉറവയായ ഇരുട്ടുമാണ്. അത് ആന്തരികതയുടെ രാത്രിയാണ്.

അനിശ്ചിതമായ ദൈവത്തിന്റെ അസാന്നിദ്ധ്യത്തിന്റെ മണ്ഡലമാണത്. ജീവന്റെ ദാനമണ്ഡലം മരണത്തിന്റെ ദാനവേദിയുമാകും.

ദൈവത്തിന്റെ അസാന്നിദ്ധ്യം ഉണ്ടാക്കുന്ന രാത്രിയുമുണ്ട്. ആത്മാവിന്റെ ഇരുണ്ട രാത്രികൾ, ഇരുട്ടിലെ മൽപ്പിടുത്തങ്ങൾ. ദൈവം ഒഴിഞ്ഞു പോയ ലോകം. പക്ഷേ ആ അസാന്നിദ്ധ്യം ഭയങ്കരമായ മുറിവായി മാറി. അതു നിലവിളിക്കുന്നു. അത് ആവശ്യപ്പെടുന്നു – ദൈവത്തിന്റെ വിളി അതു സാന്നിദ്ധ്യമല്ല; കാഴ്ചയല്ല കേൾവിയാണ്. അപരന്റെ വിളി; അപരനുവേണ്ടിയുള്ള വിളി. വൈത്തിന്റെ വിളി അപരന്റെ മുഖവും ശബ്ദവുമായി വരുന്നു. ആ മുഖം, ആ ശബ്ദം കല്പിക്കുന്നു – കൊല്ലരുത്. അതിന് ഉത്തരം കൊടുക്കുമ്പോഴാണ് ഉത്തരവാദിത്വം ഉണ്ടാകുന്നത്. ഈ ഉത്തരവാദിത്വമല്ലാതെ മറ്റൊന്നുമല്ല മതം. മറ്റുള്ളവർക്കു ഞാൻ ഉത്തരവാദിയാകുന്നു; ആ ഉത്തരവാദിത്വമാണ് എന്റെ തനിമ സൃഷ്ടിക്കുന്നത്. അതാണു മനുഷ്യത്വത്തിന്റെ ഛായയായി മാറുന്നത്.

ലൂഥറിനെ ഉദ്ധരിച്ചുകൊണ്ടു ഹൈഡഗർ എഴുതി: "നമ്മൾ കാണാത്തതിനാൽ പിടിക്കപ്പെടാൻ നമ്മെ അനുവദിക്കുന്നതാണു വിശ്വാസം." അതു വിശുദ്ധിയുടെ മണ്ഡലമാണ്. അത് ഒരു ദൈവദർശനമല്ല, മറിച്ചു ദൈവവിളിയാണ്. ദൈവികതയുടെ ഉൾവിളി, മനഃസാക്ഷിയുടെ മന്ത്രണം, ദൈവികമായ ഉത്തരവാദിത്വം. ഈ വിളി പിൻചെല്ലണം. അതു നാമമില്ലാത്തതും പേരില്ലാത്തതുമായ അസാന്നിദ്ധ്യമാണ്. അത് ഒരു ആശയമോ വിശ്വസപ്രമാണമോ അല്ല. അനുഗമിക്കേണ്ടത് അമൂർത്തമായ എന്തെങ്കിലും ആശയത്തെയല്ല. പിന്നാലെ പോകേണ്ടത് എനിക്കു പുറത്താണ്. അതു യുക്തിയിൽ ഉണ്ടാകണമെന്നില്ല. വിശുദ്ധിയുടെ പരിപ്രേക്ഷ്യത്തിൽ ദൈവം അന്യന്റെ മുഖത്തിൽ വിളിക്കുന്നു. ആ മുഖത്തോടുള്ള കടമയാണു മതം. അതു ദൈവികമായ മാനവികതയുടെ വിശ്വാസമാണ്. മുഖം ആവശ്യപ്പെടുന്നത് ഒരു ധർമ്മമാണ്. അതു വ്യക്തിയെയും സമുദായങ്ങളെയും അന്തമില്ലാത്ത അശാന്തിക്കു വിധേയമാക്കുന്നു. അതുണ്ടാക്കുന്നത് ആതിഥ്യമാണ്. അപരന്റെ വിശപ്പിന്റെ മുഖം എന്റെ അന്നന്നയപ്പത്തിൽ നിന്ന് അവനു കൊടുത്തു വിശപ്പടക്കാനാവാത്ത എന്റെ ജീവിതത്തിൽ ഔന്നത്യവും ആനന്ദവും കൈവരുന്നു. അത് എന്റെ കണ്ണുകളിൽ ഔന്നത്യത്തിന്റെ മഹത്ത്വം സൃഷ്ടിക്കുന്നു. ഉത്തരവാദിത്വം അപകടകരവും ഒപ്പം മഹത്ത്വപൂർണവുമാക്കും. ഈ അതിഥ്യത്തിൽ അതിഥി ആതിഥേയനായി അതിഥിയുടെ ജീവൻ രക്ഷിക്കാൻ മരിക്കാൻപോലും തയ്യാറാകുന്നു. എന്റെ ജീവിതം അസ്തിത്വത്തിന്റെ സ്വർഗീയതയിലേയ്ക്ക് ഉയരുന്നു.



പതിവുപോലെ രാത്രി മദ്യപിച്ച് പള്ളിക്കുരിശടിയിൽ എത്തിയ മത്തായി, യൗസേഫ് പിതാവിന്റെ രൂപത്തിൽ നോക്കി ഉച്ചത്തിൽ പറഞ്ഞു: "നാളെ എനിക്ക് തീരുമാനമറിയണം, ഞാൻ ചോദിച്ച മുഴുവൻ പണവും നാളെത്തന്നെ എനിക്ക് കിട്ടണം. ഇല്ലേൽ ഇതെല്ലാം കൂടി ഞാൻ തല്ലിപ്പൊട്ടിക്കും." പള്ളിമുറ്റത്തു നിന്ന് രംഗം വീക്ഷിച്ച വികാരിയച്ചൻ മത്തായിയുടെ സ്വഭാവം നന്നായി അറിയാവുന്നതുകൊണ്ട് വില കൂടിയ യൗസേഫ് പിതാവിന്റെ രൂപം മാറ്റി അവിടെ പഴയൊരു ഉണ്ണിയേശുവിന്റെ രൂപം വെച്ചു. പിറ്റേ ദിവസം ഉണ്ണിയേശുവിനെ രൂപകൂട്ടിൽ കണ്ട മത്തായി ഗൗരവത്തിൽ തന്നെ ചോദിച്ചു: "മോനേ, ചാച്ചൻ കാശിന്റെ കാര്യം വെല്ലോം പറഞ്ഞിട്ടാണോ പോയത്?"







# അമ്മ മടിയിൽത്തന്നെ
# അന്ത്യവിശ്രമവും

ഫാ. റോയ് വെണ്ണൂക്കാരൻ ISch

**അ**മ്മ മടിയിൽ മാതൃസ്നേഹത്തിന്റെ സ്നേഹതാളങ്ങളിൽ ലയിച്ചിരിക്കുന്ന കുഞ്ഞു ആ ഹൃദയരാഗം സ്വന്തം ജീവിതതാളമാക്കി മാറ്റുന്നു. അമ്മിഞ്ഞപ്പാലിനൊപ്പം അമ്മയുടെ വിശ്വാസങ്ങളും ആകുലതകളും സ്വപ്നങ്ങളുമൊക്കെ ആ കുഞ്ഞും അറിയാതെതന്നെ സ്വന്തമാക്കുന്നു. അത് അവന്റെ / അവളുടെ ജീവിതത്തിനു അടിത്തറയായി മാറുകയും ദിശാബോധം നൽകി കുഞ്ഞിനെ നയിക്കുകയും ചെയ്യുന്നു.

ആദ്യത്തെ ഷേൺസ്റ്റാട്ട് മക്കൾ അമ്മയുടെ മടിത്തട്ട് തേടിയെത്തിയത് സ്നേഹത്തിന്റെ ഊഷ്മളതയേക്കാൾ ഒരുപക്ഷേ അഭയവും സുരക്ഷിതത്വവും തേടി ആയിരിക്കാം. ഒന്നാം ലോക മഹായുദ്ധത്തിന്റെ കരിനിഴലിൽ ആശ്രയം തേടി അവർ ഓടിയണഞ്ഞത് ആ അമ്മ മടിത്തട്ടിലേയ്ക്കാണ്. യുദ്ധത്തിന്റെ കെടുതിയിലും ജീവിത ദുഃഖങ്ങളുടെ നടുവിലും പ്രത്യാശയുടെ പൊൻകതിരുകൾ അവർ കണ്ടത് ആ അമ്മയുടെ തണലിലാണ്. ഷേൺസ്റ്റാട്ടിലെ പ്രസാദവരമാതാവിന്റെ ആദ്യകപ്പേള അവർക്കൊരു അഭയകേന്ദ്രവും ശക്തിസ്രോതസ്സുമായി അനുഭവവേദ്യമായി. “ഓടിവരുമ്പോഴെല്ലാം നീ ഇവിടെ എനിക്കായ് ഉണ്ടാകണേ” എന്നായിരുന്നു അവരുടെ വലിയ പ്രാർത്ഥന. അവരുടെ ആ വലിയ ആത്മദാഹം ആ നല്ല അമ്മ തിരിച്ചറിഞ്ഞതായി കഴിഞ്ഞ ഒരു നൂറ്റാണ്ടിലെ ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പ്രസാദവരമാതാവിന്റെ ആ കൊച്ചു കപ്പേളയിൽ വിശ്വാസപൂർവ്വം അണയുന്നവരെല്ലാം അമ്മയുടെ ആ അനുഗ്രഹസാന്നിദ്ധ്യം ആവോളം അനുഭവിക്കുന്നു.

അമ്മയുമായി ആഴമായ ആത്മബന്ധത്തിലേയ്ക്കു വളർന്ന ഈ ആദിമ ഷേൺസ്റ്റാട്ട് മക്കൾ അമ്മയുമായി ഒരു സ്നേഹഉടമ്പടി നടത്തി. 1914 ഒക്ടോബർ 18-ാം തിയ്യതി ആയിരുന്നു ആദ്യത്തെ സ്നേഹഉടമ്പടി. പരിശുദ്ധ മാതാവിന്റെ മാതൃസ്നേഹത്തിന്റെ ബോധപൂർവ്വകമായ ഏറ്റുപറച്ചിലും ആ സ്നേഹത്തിനു പ്രതിസ്നേഹമായി അമ്മയ്ക്കായും അമ്മയുടെ ദൗത്യത്തിനായും സ്വയം സമർപ്പിക്കലുമാണ് സ്നേഹ ഉടമ്പടിയുടെ കാതൽ. അങ്ങനെ ഷേൺസ്റ്റാട്ടിലെ പ്രസാദവരമാതാവിന്റെ കൊച്ചുകപ്പേള സ്നേഹ ഉടമ്പടിയുടെ വിശുദ്ധ ഇടമായി മാറി. പ്രസാദവരമാതാവിന്റെ പ്രത്യേക സാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്ന ഷേൺസ്റ്റാട്ടിലെ കൊച്ചുകപ്പേള കാലക്രമേണ ഷേൺസ്റ്റാട്ട് മക്കളുടെ ജീവിതത്തിന്റെ ഉറവിടവും ശക്തിയുടെ സ്രോതസ്സും മാത്രമായിരുന്നില്ല. പരിശുദ്ധ മാതാവ് തന്റെ മക്കളെ കഴിവുറ്റ പ്രേഷിതരാക്കി രൂപാന്തരപ്പെടുത്തുന്ന അമ്മയുടെ പഠനക്കളരിയാണത്.

സ്നേഹ ഉടമ്പടിയുടെ സന്ദേശവും വഹിച്ചുകൊണ്ട് ആദ്യ മിഷനറിമാർ യൂറോപ്പിന്റെ അതിരുകൾ കടന്നു മറ്റു ഭൂഖണ്ഡങ്ങളിലേയ്ക്ക് യാത്രയായി. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനും പിതാവുമായ ജോസഫ് കെന്റ്ണിക്കച്ചന്റെ (1885-1968) അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി 1940കളിൽ ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ് ലാറ്റിൻ അമേരിക്കൻ നാടുകളിലെത്തി.

സ്വന്തം നാട്ടിൽനിന്നും വളരെയേറെ ദൂരത്തിൽ പ്രേഷിതവേലയിൽ ഏർപ്പെട്ടിരുന്ന അവർക്ക് മാതാവിന്റെ കപ്പേളയുടെ അസാന്നിദ്ധ്യം വലിയ ആത്മനൊമ്പരമായി മാറി. കപ്പേളയിലെ പ്രസാദവരമാതാവിന്റെ പ്രത്യേക സാന്നിദ്ധ്യം അനുഭവിക്കാനായി അവർ തീവ്രമായി ആഗ്രഹിച്ചു. സ്വന്തം വ്യക്തിജീവിതത്തി

“മനുഷ്യകരങ്ങളിലൂടെ ദൈവം എന്നെ അങ്ങയിലേയ്ക്ക് അടുപ്പിച്ചു”



ന്റെയും ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ തന്നെയും കേന്ദ്രബിന്ദുവായ പ്രസാദവരനാഥയുടെ കപ്പേളയുടെ വലിയ പ്രാധാന്യം അവരെല്ലാവരും തിരിച്ചറിഞ്ഞു.

ആദ്യകപ്പേളയുടെ രൂപത്തിലും ഭാവത്തിലുമുള്ള മാതൃകാകപ്പേള പണിയുവാൻ തീരുമാനമായി. ലാറ്റിൻ അമേരിക്കൻ രാജ്യമായ ഉറുഗുവായിലെ നുവേവ ഹെൽവെസിയ (Nueva Helvecia) എന്ന സ്ഥലത്ത് ആദ്യത്തെ മാതൃകാകപ്പേള 1943 ഒക്ടോബർ 18-ാം തിയ്യതി ആശീർവ്വദിക്കപ്പെട്ടു. അന്നുമുതൽ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ പ്രാദേശിക വളർച്ചയുടെ നാഴികക്കല്ലായി, ആദ്ധ്യാത്മികകേന്ദ്രങ്ങളായി എല്ലാ രാജ്യങ്ങളിലും സ്ഥലങ്ങളിലും കപ്പേളകൾ സ്ഥാപിക്കപ്പെട്ടു.

ഭാരതത്തിലെ ആദ്യത്തെ ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്ഥാപനവും ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ തുടക്കവും ബഹുമാനപ്പെട്ട ജോസ് അക്കരക്കാരൻ അച്ചന്റെ (1933-1989) ജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. അവിഭാജ്യ തൃശൂർ അതിരൂപതയിലെ അംഗമായിരുന്ന ജോസച്ചൻ ജേഷ്ഠസഹോദരൻ അന്തോണിയച്ചനുമൊരുമിച്ചു ആളൂരിൽ ലൂർദ്ദ് വില്ല എന്നറിയപ്പെട്ടിരുന്ന ബെറ്റർ ലൈഫ് സെന്ററിൽ താമസിച്ചു കൊണ്ട് ക്രിസ്തീയ നവീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തുകൊണ്ടിരുന്ന കാലത്താണ് ഷേൺസ്റ്റാട്ട് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്.


ഫാ. ജോസ് അക്കരക്കാരൻ

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെയും സ്ഥാപക പിതാവ് ദൈവദാസൻ കെന്റണിക്കച്ചനെയും അടുത്തറിയുവാനായി അദ്ദേഹം 1968-ൽ ജർമ്മനിയിലേയ്ക്കു ക്ഷണിക്കപ്പെട്ടു. സ്ഥാപകപിതാവുമായുള്ള കൂടിക്കാഴ്ചയ്ക്കുള്ള ഒരുക്കമായി




ഫാ. ഗ്യൂൻടർ ബൊൾ (Guenter Boll) എന്ന ഷേൺസ്റ്റാട്ട് വൈദികന്റെ നേതൃത്വത്തിൽ ജർമ്മൻ ഭാഷ പഠിക്കാൻ ആരംഭിച്ചു. ദൈവത്തിന്റെ വഴികൾ പലപ്പോഴും മാനുഷിക കണക്കുകൂട്ടലുകൾക്ക് അതീതമാണല്ലോ. വളരെ അപ്രതീക്ഷിതമായി കെന്റണിക്കയച്ചൻ മരണമടഞ്ഞു! അങ്ങനെ ആ കൂടിക്കാഴ്ചയ്ക്കു മറ്റൊരു മാനം കൈവന്നു.

കെന്റണിയച്ചന്റെ ഭൗതികശരീരത്തിനരികെ നിന്നുകൊണ്ടുള്ള ആത്മീയ കൂടിക്കാഴ്ചയെക്കുറിച്ചു ജോസച്ചൻ തന്നെ എഴുതുന്നത് ഇപ്രകാരമാണ്: “ഞാൻ ശവമഞ്ചത്തിന്റെ വളരെ അടുത്ത് കുറെ സമയം പ്രാർത്ഥിച്ചു. ഫാദർ കെന്റണിക്കിന്റെ ജീവിതമാതൃക എന്നിൽ പകർത്തണം എന്ന പ്രതിജ്ഞ ഞാൻ അവിടെ വെച്ചു എടുത്തു.” (ഫാദർ ജോസ് അക്കരക്കാരൻ, നിമിഷങ്ങളിലെ ഓർമ്മകൾ, പേജ് 15) കെന്റണിക്കച്ചനിലൂടെ ദൈവം തുടങ്ങിവച്ച ഷേൺസ്റ്റാട്ടു നവീകരണ പ്രസ്ഥാനത്തിന്റെ ഭാരതത്തിലെ ആദ്യകണ്ണിയായി ജോസച്ചൻ മാറുകയായിരുന്നു.

ഷേൺസ്റ്റാട്ടു പ്രസ്ഥാനത്തിന്റെ ഉറവിടവും ജീവകേന്ദ്രവും പ്രസാദവരമാതാവിന്റെ കപ്പേളയാണെന്ന് മനസ്സിലാക്കിയ ജോസച്ചൻ, താൻ പ്രവർത്തനനിരതനായിരുന്ന ആളൂരിലെ ബെറ്റർ ലൈഫ് സെന്ററിൽ പ്രസാദവര മാതാവിനു ഒരു കപ്പേള നിർമ്മിക്കാൻ ആഗ്രഹിച്ചു.

**ഷേൺസ്റ്റാട്ടു കപ്പേളകൾ ലോകത്തെവിടെയും ഒരേ വലിപ്പത്തിലും രീതിയിലുമാണ് നിർമ്മിക്കപ്പെടുക. ഷേൺസ്റ്റാട്ടിലെ ആദ്യ കപ്പേള (Original Shrine) യുടെ ചൈതന്യവും അനുഭവവും ലഭിക്കുവാൻ സഹായിക്കുകയാണ് ഇതിന്റെ ലക്ഷ്യം.**

കേരളത്തിൽ ഷേൺസ്റ്റാട്ടു പ്രസ്ഥാന ത്തിനു തുടക്കംക്കുറിക്കുവാനുള്ള തിടുക്കത്തിൽ ആളൂരിലെ ഈ കപ്പേളയുടെ കാര്യത്തിൽ വേണ്ടത്ര കൃത്യതയോ ശ്രദ്ധയോ ചെലുത്താ നായില്ല. അതിനാൽ ഭാരതത്തിലെതന്നെ ആദ്യത്തെ ഷേൺസ്റ്റാട്ടു കപ്പേള രൂപത്തിലും ഭാവത്തിലും വളരെ വ്യത്യസ്തകളോടെ നിർമ്മി ക്കപ്പെട്ടു.

ആളൂരിലെ ലൂർദ്ദ് വില്ല (ഇന്നത്തെ ബെറ്റർ ലൈഫ് സെന്റർ) യുടെ സമുച്ചയത്തിൽ പണി കഴിക്കപ്പെട്ട ഈ കപ്പേള 1969 ഡിസംബർ 6-ാം തിയതി ഷേൺസ്റ്റാട്ട് രാജ്ഞിയായ പ്രസാദവര നാഥയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടു. ഭാഗ്യസ്മര ണാർഹനായ മാർ ജോസഫ് ആലപ്പാട്ട് തിരു മേനി (1900 – 1993) ആയിരുന്നു മുഖ്യകാർമ്മി കനു പ്രാസംഗികനും. പ്രസാദവരനാഥയുമാ യുള്ള സ്നേഹ ഉടമ്പടിയിലൂടെ സ്വതന്ത്രവും ഉറ ച്ചതുമായ ക്രിസ്തീയ വ്യക്തിത്വ രൂപീകരണത്തി



നായി സ്വയം പരിശീലനത്തിൽ ഏർപ്പെടുവാൻ അദ്ദേഹം എല്ലാവരെയും ആഹ്വാനം ചെയ്തു.

ഷേൺസ്റ്റാട്ടിന്റെ ജീവിതദർശനവും ആത്മീയചൈതന്യവും സ്വീകരിച്ചുകൊണ്ട് ജോസച്ചനും അന്തോണിയച്ചനും പ്രവർത്തനനി രതരായി. ക്രിസ്തീയ നവീകരണത്തിന്റെ അല യടികളുമായി പ്രസാദവരമാതാവുമായുള്ള സ്നേഹഉടമ്പടിയുടെ സന്ദേശം ഭാരതമണ്ണിനെ പുൽകുവാൻ ദൈവം തിരുമനസ്സായി. അനേകം പേർ ഷേൺസ്റ്റാട്ടു ആദ്ധ്യാത്മികതയിലേയ്ക്കും പ്രസാദവരനാഥയുമായുള്ള സ്നേഹഉടമ്പടിയി ലേയ്ക്കും കടന്നുവന്നു. ഇന്ന് ഇന്ത്യയിൽ വേരു റപ്പിച്ചിട്ടുള്ള ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ്, ലേഡീസ് ഓഫ് ഷേൺസ്റ്റാട്ട്, ഷേൺസ്റ്റാട്ട് ഫാദേഴ്സ്, തീർത്ഥാടകമാതാവിന്റെ ജപമാലയജ്ഞം തുട ങ്ങിയ ഷേൺസ്റ്റാട്ട് ശാഖകളുടെ തായ്‌വേരുകൾ തേടുന്നവർ വന്നെത്തുന്നതും ഈ കപ്പേളയുടെ തണലിൽത്തന്നെ ആയിരിക്കും.

ഷേൺസ്റ്റാട്ട് മാതാവ് ഭാരതമണ്ണിനെ സ്പർശിച്ച ഈ പുണ്യതീർത്ഥകേന്ദ്രം ആദ്യക പ്പേള (Original shrine)യിൽനിന്നും വളരെ വ്യത്യസ്തമാണെന്ന ചിന്ത ഷേൺസ്റ്റാട്ട് മക്ക ളിൽ ശക്തി പ്രാപിക്കാൻ തുടങ്ങി. ഇന്ത്യയിലെ ഈ ആദ്യത്തെ ഷേൺസ്റ്റാട്ട് കപ്പേള അതർഹി ക്കുന്ന വിധത്തിൽ പരിരക്ഷിക്കപ്പെടണമെന്നും അവർ ആഗ്രഹിച്ചു.

മാതൃകപ്പേളയിലേതുപോലുള്ള പുതിയ അൾത്താരയുടെ നിർമ്മാണവും പുനഃപ്രതിഷ്ഠ യുമായിരുന്നു അതിനുള്ള പ്രായോഗികമാർഗ്ഗ മായി കണ്ടെത്തിയത്. ഈ കപ്പേളയുടെ പ്രത്യേ കതയെയും പ്രാധാന്യത്തെയും എന്നും ഉയർത്തിപ്പിടിച്ചിരുന്ന ഇരിങ്ങാലക്കുട രൂപതയുടെ അന്നത്തെ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വളരെ സന്തോഷത്തോടെ ഈ സംരം ഭത്തെ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പി ക്കുകയും ചെയ്തു. അൾത്താരയുടെ പുനഃ നിർമ്മാണത്തിനും മറ്റു നവീകരണപ്രവർത്തന ങ്ങൾക്കും ഷേൺസ്റ്റാട്ട് വൈദീകസമൂഹം



നേതൃത്വം നൽകി.

എല്ലാ ഷേൺസ്റ്റാട്ട് മക്കളുടെയും പ്രാർത്ഥനയുടെയും സഹകരണത്തിന്റെയും പ്രതീകമായി 2003 ജനുവരി 18-ാം തിയ്യതി പുതിയ അൾത്താര വെഞ്ചിരിപ്പും പുനഃപ്രതിഷ്ഠയും നടന്നു. അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ തിരുമേനി തന്നെ ആയിരുന്നു മുഖ്യകാർമ്മികൻ.

ഈ വലിയ അനുഗ്രഹനിമിഷത്തിനു സാക്ഷിയാകുവാൻ ബഹുമാനപ്പെട്ട ജോസ് അക്കരക്കാരൻ അച്ചൻ ഉണ്ടായിരുന്നില്ല. തന്റെ ദൗത്യം പൂർത്തിയാക്കി ഈ മരിയദാസൻ സ്വർഗ്ഗീയസമ്മാനത്തിനായി 1989 ജൂൺ 21-ാം തിയ്യതി നിത്യഭവനത്തിലേയ്ക്ക് യാത്രയായിരുന്നു. തന്റെ ജീവിതത്തിന്റെ ശക്തികേന്ദ്രമായിരുന്ന ഈ അമ്മ മടിയിൽത്തന്നെയാണ് അച്ചന്റെ അന്ത്യവിശ്രമവും.

കവിത

# കന്യാംബിക



**അംബിക കെ. കെ.**
മലയാളം അധ്യാപിക
ഷേൺസ്റ്റാട്ട് അക്കാദമി, കുറ്റൂർ



ആനന്ദാമൃതസാരമായ്
ആത്മ നിർവൃതിയായ്
ആത്മാനന്ദ സ്വരൂപിയായ്
അരുളും കന്യാമറിയമേ
നോവുമെന്നാത്മാവിൽ സാന്ത്വനമേകുവാൻ
അമ്മതൻ രൂപമായ്
നീയെന്നിൽ നിറയുന്നു
ഞാൻ വസിച്ചീടുമെന്നാലയത്തിങ്കൽ നീ
ദുഃഖങ്ങളെല്ലാമകറ്റീടണേ...
പാപങ്ങൾ പോക്കുന്നൊരാത്താണിയായെന്നിൽ
നിൻ കൃപയെന്നും ചൊരിയണമേ.
ആലംബഹീനർക്ക് ആശ്വാസമേകുവാൻ
എന്നിലെയമ്മയായ് തീരേണമേ
നിന്റെ ജന്മത്തിൽ നീ കന്യയാമ്മയായ്
നിന്നെ സ്നേഹിച്ചൊരാ ലോകത്തിൽ നീ
നോവുന്ന കുഞ്ഞിന്റെ വേദന പോക്കുവാൻ
എന്നെന്നും നിൻ കൃപയരുളേണമേ.

# പുണ്യം തേടി




**ഇന്ദു അജയ്കുമാർ**
ഇംഗ്ലീഷ് അധ്യാപിക
ഷേൺസ്റ്റാട്ട് അക്കാദമി, കുറ്റൂർ


തീർത്ഥ എന്ന സംസ്കൃതപദത്തിൽ നിന്നാണ് തീർത്ഥാടനം എന്ന വാക്കിന്റെ ഉത്ഭവം. ജലാശയം, വഴി, കവാടം എന്നീ അർത്ഥങ്ങളാണ് ഈ വാക്കിനുള്ളത്. ജീവന്റെ തന്നെ ആരംഭം ജലാശയങ്ങളിലാണ് എന്ന് ശാസ്ത്രം സാക്ഷ്യപ്പെടുത്തുമ്പോൾ അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ജനനമരണങ്ങളിൽനിന്നുള്ള മോചനത്തെയാണ് ജലാശയം സൂചിപ്പിക്കുന്നത്. പുണ്യസ്ഥലങ്ങളിൽ അധികവും സ്ഥിതിചെയ്യുന്നതും ഒരു നദിക്കരയിലാണ് എന്നതും ഒരു സവിശേഷതയാണ്.

സ്ഥലപുരാണമനുസരിച്ച് ഏതൊരു സ്ഥലത്തിനാണോ ശുചി, പുണ്യം, ശുഭം എന്നീ മൂന്നു ഗുണങ്ങളുള്ളത് അതിനെ തീർത്ഥക്ഷേത്രം അഥവാ തീർത്ഥാലയം എന്നും അങ്ങോട്ടുള്ള യാത്രയെ തീർത്ഥയാത്ര എന്നും വിളിക്കുന്നു. തീർത്ഥയാത്ര ദൈവത്തിലേയ്ക്കും മോക്ഷത്തിലേയ്ക്കുമുള്ള യാത്രയാണ്. ഹൈന്ദവ വിശ്വാസപ്രകാരം എല്ലാ ജീവജാലങ്ങൾക്കും ജീവാത്മാവ്, പരമാത്മാവ് എന്നിങ്ങനെ രണ്ട് ശക്തിസ്രോതസ്സുകളുണ്ട്. ജീവാത്മാവ് എല്ലാ ജീവികളിലും വ്യത്യസ്ഥമാണ്. പരമാത്മാവാകട്ടെ സർവ്വവ്യാപിയായ ഈശ്വരൻ തന്നെയാകുന്നു. സൂര്യന്റെ വെളിച്ചമാണ് ചന്ദ്രന്റെ പ്രകാശത്തിനു കാരണമെന്നതുപോലെ, ജീവാത്മാവിനു ഊർജ്ജം നൽകുന്നത് പരമാവാത്മാവാണ്. തീർത്ഥാടനങ്ങൾ ജീവാത്മാവിനെ പരമാവാത്മാവിലേയ്ക്ക് കൂടുതൽ അടുപ്പിക്കുന്നു.



മഹാഭാരതത്തിന്റെ മഹാപ്രസ്താനിക പർവ്വത്തിൽ ഒരു കഥ ഇപ്രകാരമാണ്. കുരുക്ഷേത്ര യുദ്ധം കഴിഞ്ഞ് കുറെനാൾ രാജ്യം ഭരിച്ചതിനു ശേഷം പാണ്ഡവർ രാജ്യം ത്യജിച്ച് തീർത്ഥാടനത്തിനു പോകുവാൻ തീരുമാനിച്ചു. ഭാരതത്തിലെ എല്ലാ പുണ്യക്ഷേത്രങ്ങളും അവർ സന്ദർശിച്ചു. യാത്രയ്ക്കിടയിൽ ഒരു പട്ടി സംഘത്തോടൊപ്പം കൂടി. ഓരോ ക്ഷേത്രങ്ങളിലും അത് അവരെ അനുഗമിച്ചിരുന്നു. സുദീർഘമായ ഒരു തീർത്ഥാടനത്തിനിടയിൽ പാണ്ഡവർ ഓരോരുത്തരായി വഴിയിൽ മരിക്കുകയും യുധിഷ്ഠിരൻ മാത്രം ബാക്കിയാവുകയും ചെയ്യുന്നു. അദ്ദേഹത്തിനു കൂട്ടായി ആ പട്ടി മാത്രമാണ് അവശേഷിച്ചിരിക്കുന്നത്. യാത്രയ്ക്കൊടുവിൽ അവർ ഹിമാലയത്തിൽ എത്തിച്ചേർന്നു. അവിടെ അവർക്ക് ഇന്ദ്രന്റെ ദർശനമുണ്ടായി. തീർത്ഥാടനമദ്ധ്യേ മരണം വരിച്ച പാഞ്ചാലിയും സഹോദരന്മാരും സ്വർഗ്ഗലോകം പൂകിയതായും ഇപ്പോൾ യുധിഷ്ഠിരനെ സ്വർഗ്ഗത്തിലേയ്ക്ക് വഹിക്കുവാനാണ് താൻ രഥവുമായി വന്നിരിക്കുന്നത് എന്നും സന്തോഷപൂർവ്വം ഇന്ദ്രൻ യുധിഷ്ഠിരനെ അറിയിച്ചു. യുധിഷ്ഠിരൻ ആഹ്ലാദപൂർവ്വം തന്നോടൊത്തുണ്ടായിരുന്ന പട്ടിയുമൊത്ത് ഇന്ദ്രന്റെ രഥത്തിലേയ്ക്ക് കാൽവയ്ക്കവേ ഇന്ദ്രൻ യുധിഷ്ഠിരനെ തടഞ്ഞുകൊണ്ട്, പട്ടിയെപ്പോലുള്ള നികൃഷ്ടജീവികളെ സ്വർഗ്ഗത്തിൽ

കയറ്റാനാവില്ല എന്ന് തടസ്സം പറഞ്ഞു.

തന്നോടൊപ്പം ഈ തീർത്ഥാടനത്തിൽ അറിഞ്ഞോ അറിയാതെയോ ഒപ്പം ചേർന്ന് വിവിധ പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ച ഈ പട്ടി ഒരു നികൃഷ്ടജീവിയല്ല, ഒരു വിശുദ്ധ ജീവിയായി മാറിയിരിക്കുന്നു എന്നും സുദീർഘമായ ഈ യാത്രയിൽ തന്നോടു ഇത്രമാത്രം കൂറു പുലർത്തിയ ഇതിനെ വഴിയിൽ ഉപേക്ഷിക്കാൻ ആവില്ല എന്നും യുധിഷ്ഠിരൻ അറിയിച്ചു. തീർത്ഥാടകരെ അനുഗമിച്ച് പുണ്യസ്ഥലങ്ങളിലൂടെ നടന്ന ഒരു പട്ടി വിശുദ്ധ ജീവിയായി മാറി എന്നു പറയുമ്പോൾ തീർത്ഥയാത്ര മനുഷ്യനെ എത്രമേൽ വിശുദ്ധീകരിക്കുന്നു എന്ന് ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

തീർത്ഥയാത്രയ്ക്കിടയിൽ സഹിക്കേണ്ടിവരുന്ന കഷ്ടതകൾ നമ്മെ വിശുദ്ധീകരിക്കുന്നു. ഭഗവത് പ്രാപ്തിക്കുവേണ്ടി തീർത്ഥാടനം അനിവാര്യമാണ്. വാസനകളിൽനിന്നും മിഥ്യാധാരണകളിൽനിന്നും മോചനം ലഭിക്കുന്നതിനും അതുവഴി വിജ്ഞാനത്തിലേയ്ക്കും തീർത്ഥയാത്ര നമ്മെ നയിക്കുന്നു. **തീർത്ഥാടനം ജീവിതത്തിന്റെ അർത്ഥം തേടുന്ന യാത്രയാണ്. യഥാർത്ഥമായ അർത്ഥം ഈശ്വരനാണ് എന്ന് തിരിച്ചറിയുമ്പോൾ തീർത്ഥാടനം ഈശ്വരനിലേയ്ക്കുള്ള യാത്രയായി മാറുന്നു.** ■



**ആ**ഗ്രഹസഫലീകരണത്തിനായി മാറി മാറി ദേവാലയങ്ങളിൽ പോയി പ്രാർത്ഥിക്കുന്ന സ്വഭാവക്കാരനാണ് ലോനായി ചേട്ടൻ. ഏതു പള്ളിയിൽ പോയാലും അവിടെ കാണുന്ന രൂപങ്ങൾക്കുമുമ്പിൽ മെഴുകുതിരി കത്തിച്ചു പ്രാർത്ഥിച്ചും. എന്തിനെന്നോ? ഒരു പുതിയ വീടു ലഭിക്കാൻ. മേലനങ്ങി പണിയെടുക്കാനൊന്നും ലോനായി ചേട്ടന് താൽപര്യമില്ല. പ്രാർത്ഥിച്ചാൽ ദൈവം തരും എന്നു ഉറച്ചു വിശ്വസിച്ചുകൊണ്ട് കാണുന്ന പള്ളികളിലെല്ലാം കയറി പ്രാർത്ഥിക്കും. അങ്ങനെയിരിക്കെ ആരോ ലോനായിചേട്ടനോടു പറഞ്ഞു. പട്ടണത്തിലുള്ള വി. സെബസ്ത്യാനോസിന്റെ പള്ളിയിൽ കയറി തിരി കത്തിച്ചു പ്രാർത്ഥിച്ചാൽ ചോദിക്കുന്നതെന്തും ലഭിക്കുമെന്ന്. പട്ടണത്തിലുള്ള വി. സെബസ്ത്യാനോസിന്റെ പള്ളിയിൽ രണ്ട് മണിക്കൂറോളം പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കുശേഷം കൈക്കൂലിയെന്നോണം കണ്ട രൂപങ്ങൾക്കു മുന്നിലെല്ലാം തിരികൾ കത്തിച്ചു. ഹൃദയം നിറഞ്ഞ സന്തോഷത്തോടെയാണ് പുറത്തേക്കിറങ്ങിയത്. പള്ളിയുടെ പുറത്തേക്കിറങ്ങിയപ്പോൾ കണ്ട കാഴ്ച ലോനായിചേട്ടനെ ചൊടിപ്പിച്ചു. പള്ളിക്കുമുമ്പിൽ പുള്ളിക്കാരൻ ഊരിയിട്ടിരുന്ന ചെരുപ്പുകൾ ആരോ എടുത്തുകൊണ്ടുപോയി. ദേഷ്യത്തോടെ പള്ളിയുടെ ഉള്ളിലേയ്ക്കു കയറിയ ലോനായി താൻ കത്തിച്ച തിരികളെല്ലാം ഊതിക്കെടുത്തിക്കൊണ്ട് ആക്രോശിച്ചു. എന്റെ ഒരു ജോടി ചെരുപ്പ് സംരക്ഷിക്കാൻ പറ്റാത്ത നീയാണോ എനിക്ക് വീട് നൽകാൻ പോകുന്നത്? മതി നിന്റെ ഔദാര്യം എന്നുപറഞ്ഞ് പുറത്തേക്കിറങ്ങിയ ലോനായി കണ്ടത് രണ്ടുകാലുമില്ലാതെ ഒരു പലകയിലിരുന്ന് ഇഴയുന്ന ഒരു മനുഷ്യനെയാണ്. ഉടനെ തന്നെ ലോനായി പള്ളിയുടെ അകത്തേയ്ക്ക് ഓടി; ദൈവത്തോടു പറഞ്ഞു എനിക്ക് ചെരുപ്പു വേണ്ട കാല് മതി.

**നമുക്കൊന്നു കാതോർക്കാം**

"പ്രവർത്തി കൂടാതെ പ്രാർത്ഥന ഫലം ചൂടുകയില്ല."

JK

ഡോ. ജോയ് പുതുശ്ശേരി ISch



# പരീക്ഷണങ്ങളുടെ ആരംഭം

**കൊ**ല്ലാവസാനം വരെയും 1949 മുഴുവനായും ഫാ. കെന്റ്ണിഹ് തെക്കേ അമേരിക്കയിൽ ചിലവഴിച്ചു. ചിലി, അർജന്റീന, ഉറുഗ്വ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു. 1950–ൽ യൂറോപ്പിലേയ്ക്കു മടങ്ങി. അദ്ദേഹത്തിനു യാതൊരു ക്ഷീണവുമുണ്ടായില്ല. ഈ ദീർഘയാത്രയിൽ അദ്ദേഹത്തിന്റെ ശരീരവും ആത്മാവും ഒരുപോലെ പ്രവർത്തിച്ചു. "ഡാഹൗവിലെ പോലെ ഇവിടെയും അപകടഘട്ടങ്ങളിൽ എന്റെ ശക്തി വർദ്ധിക്കുകയായിരുന്നു" അദ്ദേഹം ട്രിയറിലെ ആർച്ച് ബിഷപ്പിന് എഴുതി.

ഡാഹൗവിൽനിന്ന് മടങ്ങിയപ്പോൾ തന്നെ അദ്ദേഹം ഒരു തീരുമാനം എടുത്തിരുന്നു. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തെ തിരുസഭ അംഗീകരിക്കുന്നതിനുവേണ്ടി എല്ലാ ശക്തിയുമുപയോഗിച്ച് പ്രവർത്തിക്കുക. 1945–ലെ ഒക്ടോബർ വീക്കിൽ അദ്ദേഹം പ്രസംഗിച്ചു. "സഭയ്ക്കു മുകളിലാവാൻ നാം ആഗ്രഹിക്കുന്നില്ല. സഭയ്ക്കുള്ളിൽ തന്നെ നാം നിലകൊള്ളുന്നു. അതുകൊണ്ടാണ് നമ്മൾ എല്ലാ സമയവും രൂപതയേയും ഇടവകയേയും ആശ്രയിച്ചു നിൽക്കുന്നത്." ഇതിനു സമയം ആവശ്യമാണ്. നൂറ്റാണ്ടുകളായുള്ള സഭയുടെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്, പ്രശ്നങ്ങളും മുറുക്കങ്ങളും ഇല്ലാതെ ഒന്നും സംഭവിക്കുന്നില്ല.

1948 മെയ് 20–ാം തിയ്യതി ആർച്ച് ബിഷപ്പ് ബോൺവാസർ കെന്റ്ണിക്കച്ചന്റെ സംരംഭത്തിന് ഔദ്യോഗിക അംഗീകാരത്തിനായി ശ്രമിച്ചു. ഇതോടൊപ്പം തന്നെ ജർമ്മനിയിൽ വിഷമങ്ങളും ആരംഭിച്ചു. ഷേൺസ്റ്റാട്ടിനെതിരായി വിമർശനങ്ങൾ ഉണ്ടായി. പ്രത്യേകിച്ച് ഫാ. കെന്റ്ണിഹിനെതിരായി. ചില ബിഷപ്പുമാർ തങ്ങളുടെ രൂപതകളിൽ ഈ പ്രസ്ഥാനം വളരാൻ അനുവദിച്ചില്ല. ബാംബർഗിലെ സഹായമെത്രാൻ ആർതർ മൈക്കൽ ജർമ്മൻ ബിഷപ്പുമാരുടെ ഒരു സമ്മേളനത്തിൽ ഷേൺസ്റ്റാട്ടിനെക്കുറിച്ചുള്ള ഒരു പഠനം തയ്യാറാക്കി. ബിഷപ്പുമാർ പല അഭിപ്രായങ്ങളും പറഞ്ഞു. ട്രിയർ രൂപതയിൽനിന്നും ഷേൺസ്റ്റാട്ടിലേക്ക് സമൂഹം ഔദ്യോഗിക സന്ദർശനം നടത്താൻ തീരുമാനിച്ചു. ഫെബ്രുവരി 19 മുതൽ 28 വരെ ആയിരുന്നു സന്ദർശനം നല്ല അഭിപ്രായമായിരുന്നു. ഔദ്യോഗിക സന്ദർശകർക്ക് എങ്കിലും മരിയൻ സിസ്റ്റേഴ്സിന്റെ രൂപവത്കരണം, പ്രസ്ഥാനത്തിലെ പ്രാർത്ഥനാഗീതങ്ങൾ എന്നിവയെപ്പറ്റി പ്രത്യേകം പരാമർശിച്ചു. ട്രിയറിലെ ആർച്ച് ബിഷപ്പ് ഈ റിപ്പോർട്ട് ഫാ. കെന്റ്ണിഹിന് അയച്ചു. അദ്ദേഹത്തിന്റെ അഭിപ്രായവും ചോദിച്ചു. 1949 മെയ് 31 ന് കെന്റ്ണിക്കച്ചൻ വിശദമായ ഒരു മറുപടി നിഷ്പക്ഷമായ രീതിയിൽ ട്രിയറിലെ ബിഷപ്പിന് എഴുതി, ജർമ്മൻ ബിഷപ്പ്സ് കോൺഫ്രെൻസിലെ എല്ലാവർക്കും ലഭിക്കുമെന്ന





"അന്ധകാരത്തിലും രാത്രിയും ദൈവം എന്റെ കൂടെ ഉണ്ടായിരിക്കും. കാരണം, ദൈവത്തിന്റെ സ്നേഹം എപ്പോഴും എന്നെ സംരക്ഷിക്കുന്നു"

പ്രതീക്ഷയിൽ. (ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ മൂന്നാം നാഴികക്കല്ലായിട്ടാണ് കെന്റണിക്കച്ചൻ മറുപടി എഴുതിയ മെയ് 31 അറിയപ്പെടുന്നത്).

ഷേൺസ്റ്റാട്ട് ഫാ. കെന്റണിഹിന്റെ പങ്ക്, പ്രത്യേകിച്ച് മരിയൻ സിസ്റ്റേഴ്സിന്റെ സമൂഹമായുള്ള ബന്ധം ഇതേപ്പറ്റിയായിരുന്നു വിമർശനം. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിലെ അംഗങ്ങൾക്ക് മാതാവിനേക്കാൾ കൂടുതൽ അടുപ്പം കെന്റണിക്കച്ചനോട് ആയി മാറുമോ എന്ന സംശയവും ഉണ്ടായിരുന്നു. ഈ സംശയങ്ങൾ ഒരുതരം മാനസികാവസ്ഥയാണെന്ന് ഫാ. കെന്റണിഹ് വിശ്വസിച്ചു. യാഥാർത്ഥ്യത്തെ കാണുന്നതിനു പകരം സത്യവും ജീവിതവും തമ്മിലും മനുഷ്യത്വവും ദൈവത്വവും തമ്മിലുള്ള വേർപിരിക്കലാണത്. അത്തരത്തിലുള്ള മനോഭാവത്തെ യാന്ത്രിക ചിന്ത (Mechanistic thinking) ആയിട്ടാണ് കെന്റണിക്കച്ചൻ വിവരിച്ചിട്ടുള്ളത്.

ട്രിയറിലെ ആച്ചുബിഷപ്പിന്റെ ഒരു കത്ത് ഫാ. കെന്റണിഹിന് കിട്ടി. അദ്ദേഹം അപ്പോൾ അർജന്റീനയിൽ ആയിരുന്നു. ഉറുഗ്വയിലേയ്ക്കും അവിടെനിന്ന് ചിലിയിലേയ്ക്കും പോകാനായി അദ്ദേഹം തയ്യാറായിരുന്നു. ട്രിയറിലേയ്ക്കു മറുപടി അയക്കുന്നതിനു മുമ്പ് ബെല്ലാവിസ്ഥയിലെ അൾത്താരയിൽ തന്റെ കത്ത് അദ്ദേഹം സമർപ്പിച്ചു. "മാതാവിനുവേണ്ടി ഞങ്ങൾ മുഴുവനാക്കിയ ജോലി സമർപ്പിക്കാനാണ്, ഈ പ്രശാന്തമായ സായാഹ്നത്തിൽ ഞങ്ങൾ ഇവിടെ കുടിയിരിക്കുന്നത്. തന്റെ മുന്നേറ്റത്തെപ്പറ്റി അദ്ദേഹം വാചാലനായി പ്രസംഗിച്ചു. പാശ്ചാത്യലോകത്തെ ഒരു വലിയ അപകടത്തെ അദ്ദേഹം മുൻകൂട്ടി കണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പാശ്ചാത്യരുടെ ഭാവിയിൽ ദൈവത്തിന്റെ അമ്മയ്ക്ക് ഒരു വലിയ പങ്കുണ്ട്.

ജർമ്മനിയിലെ സഭാധികാരികൾക്കിടയിൽ അദ്ദേഹത്തിന്റെ പ്രസ്ഥാനം മുറിവുണ്ടാക്കിയിട്ടുണ്ടെന്ന് കെന്റണിക്കച്ചന് അറിയാമായിരുന്നു. തന്നോടുള്ള വെറുപ്പിന് ഇത് കാരണമായെന്നും അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടു. അദ്ദേഹത്തോടും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തോടും ധാരാളം എതിർപ്പുകൾ ഉണ്ടായിരുന്നു അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും പരാജയപ്പെടാൻ സാദ്ധ്യതയുണ്ടായിരുന്നു. എന്നാലും അദ്ദേഹം മുന്നോട്ടുപോകാൻ തന്നെ നിശ്ചയിച്ചു. നിർവ്വഹിക്കാൻ ദൗത്യമുള്ള ഓരോരുത്തരും ദൗത്യവഴികളിൽ ഇരുൾ പടരുമ്പോഴും ഒന്നിന് പുറകെ ഒന്നായി മരണക്കെണികൾ ഉണ്ടാകുമ്പോഴും ദൗത്യം തുടരണം. ഓരോ പ്രവാചകദൗത്യത്തിലും ഓരോ പ്രവാചകവിധിയുണ്ടെന്ന് കെന്റണിക്കച്ചന് അറിയാമായിരുന്നു. കെന്റണിക്കച്ചന്റെ എഴുത്ത് ഷേൺസ്റ്റാട്ടിനും അദ്ദേഹത്തിനും എതിരായി ജർമ്മൻ സഭാധികാരികളിൽ തരംഗം സൃഷ്ടിച്ചു. 1949 ജൂലൈയിൽ ട്രിയറിലെ ചാൻസലറിയിൽ നിന്നും ഒരു കത്തു കിട്ടി. ജർമ്മൻ ബിഷപ്പുമാരുടെ സമ്മേളനത്തിൽവെച്ച് ഷേൺസ്റ്റാട്ടിന്റെ കുറേ രീതികളും അനുഷ്ഠാനങ്ങളും നിരോധിച്ചു.

1950–ൽ ഏപ്രിലിൽ രൂപതാ വിസിറ്റർ കെന്റണിക്കച്ചനെപറ്റിയുള്ള വിവരങ്ങൾ റോമിനു സമർപ്പിച്ചു. ആ നവംബറിൽ ഷേൺസ്റ്റാട്ടിൽ, പ്രത്യേകിച്ച് മരിയൻ സിസ്റ്റേഴ്സിന്റെ സമൂഹത്തിലേയ്ക്ക് ഒരു ഔദ്യോഗിക സന്ദർശനം നടത്തണമെന്നും മാർപാപ്പയോട് അഭ്യർത്ഥിച്ചു. ഈ ചുമതല റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും വിശ്വാസ തിരുസംഘ ഉപദേഷ്ടാവുമായ ഫാ. സെബാസ്റ്റ്യൻ ട്രോംപിനെ ഏൽപ്പിച്ചു. 1951 മെയിൽ അദ്ദേഹം ഫാ. കെന്റണിഹിനെ കണ്ടു. ചില നിബന്ധനകൾ അദ്ദേഹം മുന്നോട്ടു വച്ചു. ഒന്നുകിൽ ഈ പ്രസ്ഥാനത്തിൽനിന്നും സ്വയം അകന്നുനിൽക്കുക. അപ്പോൾ തിരിച്ചുവരവ് എളുപ്പമാകും അല്ലെങ്കിൽ സഭാധികാരികൾ അദ്ദേഹത്തോടു വിട്ടുനിൽക്കാൻ ആവശ്യപ്പെടും. അങ്ങനെ ആണെങ്കിൽ ഒരു തിരിച്ചുവരവ് പെട്ടെന്ന് ഉണ്ടാകില്ല. ചിലപ്പോൾ ഒരിക്കലും തിരിച്ച് വരാൻ പറ്റിയില്ല എന്നും വരാം.

കെന്റണിക്കച്ചൻ ഒരിക്കൽകൂടി ഒരു വിഷമപ്രശ്നത്തിലകപ്പെട്ടു. അദ്ദേഹം എന്തു







ചെയ്യണം? ദൈവത്തിന്റെ അഭീഷ്ടം എന്താണ്? തന്റെ സഹപ്രവർത്തകനായ ഫാ. മെനിംഗനോട് ഫാ. കെന്റണിഹ് ഇതേപ്പറ്റി ആലോചിച്ചു. അതിനുശേഷം കെന്റണിക്കച്ചൻ ഇപ്രകാരം ഉത്തരം നൽകി: "ഞാൻ ഈ പ്രവർത്തനത്തിൽ നിന്നും അകന്നു നിൽക്കില്ല, എന്നിരുന്നാലും സഭാധികാരികൾ നിർദ്ദേശിക്കുന്ന പക്ഷം ഞാൻ പിന്മാറാം."

ജൂലായ് 31-ാം തിയ്യതി മരിയൻ സിസ്റ്റേഴ്സിന്റെ ഡയറക്ടർ ജനറൽ എന്ന പദവിയിൽ നിന്നും അദ്ദേഹത്തെ മാറ്റി. ഒരു വിദ്യാഭ്യാസ കോൺഗ്രസ്സും ഒക്ടോബർ വാരവും പിന്നെയും അദ്ദേഹം നടത്തി. അവസാനത്തെ വാക്കുകളിൽ ഭാവിയെപ്പറ്റിയുള്ള അവലോകനം അദ്ദേഹം എടുത്തുകാട്ടി: "മരിയൻ മിഷൻ ഏറ്റെടുത്തവരൊക്കെ നിരന്തരമായി കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്. കർത്താവിന്റെ വിധിയിൽ അവരും പങ്കുചേർന്നു. ഗോലിയാത്തും ദാവീദും തമ്മിലുള്ള യുദ്ധം പോലെയാണിത്. മാതാവിനോടു കൂടുതൽ അടുക്കുന്തോറും നമുക്ക് വിജയം ലഭിക്കുന്നു. മാതാവ് പറയുന്നു: "എന്റെ നല്ല പേരിനെ ജനങ്ങൾ അപഹരിക്കുകയാണെങ്കിൽ ഞാൻ നിങ്ങളുടെ കീർത്തിക്കുവേണ്ടി ശ്രമിക്കാം. മാതാവിനു വേണ്ടി നാം പ്രവർത്തിക്കുമ്പോൾ തീർച്ചയായിട്ടും അസാധാരണമായ ഒരു സ്മാരകം ത്രീത്വൈക ദൈവത്തിനും പരിശുദ്ധ അമ്മയ്ക്കു വേണ്ടി പണിയും; മാതാവിന്റെ ശക്തിക്കും ദയയ്ക്കും ബുദ്ധിക്കും വേണ്ടിയുള്ള സ്മാരകം.." 1951 ഒക്ടോബർ 22 ന് ഷേൺസ്റ്റാട്ടിൽ നിന്നും അദ്ദേഹം വിരമിച്ചു. ■

# 'ഡീൽ'

ഒരിക്കൽ അനറ്റെ നെയ്ലിസ് എന്ന ഒരു വിദ്യാർത്ഥിനി കെന്റണിക്ക് അച്ചനിൽനിന്നും ഉപദേശം നേടാൻ ഷേൺസ്റ്റാട്ടിൽ വന്നു. സംഭാഷണമെല്ലാം കഴിഞ്ഞപ്പോൾ അവൾ അച്ചനു നന്ദി പറഞ്ഞുകൊണ്ട് പുറത്തേയ്ക്ക് ഇറങ്ങി. അപ്പോൾ കെന്റണിക്ക് അച്ചൻ അവളോടു പറഞ്ഞു. "എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും എന്നോട് ആശീർവ്വാദം ചോദിക്കുക" അച്ചൻ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകാതെ അവൾ അത്ഭുതപൂർവ്വം അദ്ദേഹത്തെ നോക്കി. തന്നോടു പ്രാർത്ഥന ചോദിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും രാവിലെയും വൈകുന്നേരവും അവർക്ക് വൈദീകാശീർവ്വാദം നൽകാറുമുണ്ട് എന്ന് അച്ചൻ വ്യക്തമാക്കി. ഇത് പരിശുദ്ധ അമ്മയുമായിട്ടുള്ള ഒരു 'ഡീൽ' ആണ് എന്നും ജോസഫ് എങ്ക്ളിങ് (ഷേൺസ്റ്റാട്ടിലെ വൈദികവിദ്യാർത്ഥിയും മരിയൻ സൊഡാലിറ്റി എന്ന സംഘടനയിലെ ഒരു അംഗവുമായിരുന്നു) ഇത്തരത്തിൽ എല്ലാ ദിവസവും എന്റെ പ്രാർത്ഥനയും അനുഗ്രഹവും സ്വീകരിക്കുന്നുണ്ട് എന്നും കെന്റണിക്ക് അച്ചൻ കൂട്ടിച്ചേർത്തു.

# ഹൃദയമൊഴി

ഡോ. ജോയ് പുതുശ്ശേരി ISch

## കാഴ്ചപ്പാടുകളിലെ സൗഖ്യം

**കാ**ഴ്ചപ്പാടുകൾ മനുഷ്യന്റെ അസ്ഥിത്വത്തിന്റെ ഭാഗമാണ്. ഒരുവന്റെ ജീവിതലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ കാഴ്ചപ്പാടുകൾ - ജീവിതത്തോടുള്ള നിലപാടുകൾ - വളരെ പ്രധാനമാണ്. ഞാൻ എന്താണെന്ന് മറ്റുള്ളവർ മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നത് ജീവിതത്തിന്റെ ഓരോ നിമിഷവും എടുക്കുന്ന കാഴ്ചപ്പാടുകളുടെ തോതനുസരിച്ചാണ്.

കാഴ്ചപ്പാട് എപ്പോഴും വേറെ രീതിയിൽ നോക്കുന്നതാണ്. 6 എന്ന സംഖ്യ ഒരു സൈഡിൽ നിന്ന് നോക്കിയാൽ 9 ആയി കാണാൻ പറ്റും. സംഖ്യകൾ മാറുന്നില്ല. പക്ഷേ കാണുന്ന രീതി മാറുന്നു. ഇരുപതാം നൂറ്റാണ്ട് വരെ മനഃശാസ്ത്രത്തിൽ അന്വേഷണവിധേയയായി പഠിച്ചുകൊണ്ടിരുന്നത് എന്തുകൊണ്ടാണ് മനുഷ്യന് തെറ്റ് പറ്റുന്നത് എന്നായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പോസിറ്റീവ് സൈക്കോളജിയുടെ ഉത്ഭവത്തോടെ മനുഷ്യന്റെ ശരികളെക്കുറിച്ച്, കഴിവുകളെക്കുറിച്ച് പഠിക്കാൻ തുടങ്ങി. മാറ്റം സംഭവിച്ചത് മനഃശാസ്ത്രത്തിനല്ല, മറിച്ച് കാഴ്ചപ്പാടിനായിരുന്നു. നിലനിന്നിരുന്ന വസ്തുതകളെ വേറൊരു കാഴ്ചപ്പാടിൽ കാണാൻ തുടങ്ങി. അതാണ് പോസിറ്റീവ് സൈക്കോളജിയുടെ പെട്ടെന്നുള്ള വളർച്ചയുടെ കാരണമായി മാർട്ടിൻ സേലിഗ്മാൻ പറയുന്നത്.

കാഴ്ചപ്പാടുകൾ മാറുമ്പോൾ നേരത്തെ ബുദ്ധിമുട്ടായിരുന്ന പലതിനെയും ഉൾക്കൊള്ളാൻ പറ്റും. കാണുന്ന രീതി മാറുമ്പോൾ സ്വീകാര്യത വർദ്ധിക്കും. വിധിക്കാനായി വ്യഭിചാരത്തിൽ പിടിപ്പിക്കപ്പെട്ട സ്ത്രീയെ കൊണ്ടുവന്നപ്പോൾ ഒന്നും സംസാരിക്കാതെ യേശു താഴെയ്ക്ക് നോക്കിയിരുന്നു. വിധിക്കാൻ വന്നവർ, യേശുവിന്റെ പുതിയ കാഴ്ചപ്പാട് അറിഞ്ഞപ്പോൾ അകം പൊള്ളി തിരിച്ചുപോയി. ചോദ്യങ്ങൾ ഒന്നും ഇല്ലാതെ പുതിയ കാഴ്ചപ്പാട് യേശു സ്ത്രീക്ക് വെളിപ്പെടുത്തി. യേശുവിന്റെ നിലപാട് വിധിക്കാൻ വന്നവരിൽ വീണ്ടുവിചാരം ഉണ്ടാക്കി. തിരിച്ചറിവിന്റെ കാഴ്ചപ്പാട് അവർക്ക് സൗഖ്യമായി മാറി. യേശു പ്രസംഗിച്ച പുതിയ കാഴ്ചപ്പാടിന്റെ സുവിശേഷം യേശുവിന്റെ ജീവിതത്തിന്റെ നിലപാടുകൾ ആയിരുന്നു.



എന്റെ ജീവിതനിലപാടുകൾ മറ്റുള്ളവർക്ക് വീണ്ടുവിചാരം ഉണ്ടാക്കാൻ സാധിക്കുമോ? കാഴ്ചപ്പാടുകൾ, നിലപാടുകൾ തിരിച്ചറിവുകൾക്ക് വഴിമാറും. അത് സൗഖ്യമായി മാറും.

എന്റെ ശരിയിൽനിന്ന് അപരന്റെ ശരിയിലേയ്ക്കുള്ള ദൂരമാണ് കാഴ്ചപ്പാടിന്റെ സൗഖ്യം. അപരനോടുകൂടി നടക്കുമ്പോൾ വേറൊരു ലോകം നാമറിയും. അറിയുംതോറും അകലം കുറയും. അകം വളരും, പുതിയ കാഴ്ചപ്പാടുകൾ ജന്മമെടുക്കും.

"ദൈവത്തിനു ഒരാത്മാവിനെ ഉപയോഗപ്പെടുത്തണമെന്നുണ്ടെങ്കിൽ അവിടുന്ന് അതിനെ ആദ്യം മനുഷ്യന്റെ കണ്ണിൽ ഉപയോഗമില്ലാതാക്കിമാറ്റുന്നു"





# ബാലദൂത്

# അമ്മ മനസ്സിൽ

**പ്രി**യ കൂട്ടുകാരേ,

**കാ**തറീന എന്ന ഒരു സ്ത്രീക്ക് ജീവിത പ്രാരാബ്ധംമൂലം തന്റെ പന്ത്രണ്ടുവയസ്സുള്ള മകനെ ഒരു അനാഥാലയത്തിൽ ചേർക്കേണ്ടിവന്നു. ഏതൊരു അമ്മയെപ്പോലെ അവൾക്കും തന്റെ കുഞ്ഞിനെ പിരിഞ്ഞിരിക്കേണ്ടിവന്നത് തീർത്തും പ്രയാസകരമായ കാര്യമായിരുന്നു. നിസ്സഹായയായി ആ അമ്മ തന്റെ കുഞ്ഞിനെയും ചേർത്തുപിടിച്ച് അനാഥാലയത്തിന്റെ വരാന്തയിൽ തളർന്നിരിക്കുമ്പോൾ അവൾക്ക് ലഭിച്ച ഏകആശ്രയം അവിടെ ഉണ്ടായിരുന്ന പരിശുദ്ധ കന്യകമറിയത്തിന്റെ തിരുസ്വരൂപം മാത്രമായിരുന്നു. ഉണ്ണീശോയെ നെഞ്ചിൽ കിടത്തിയ പരിശുദ്ധ അമ്മയുടെ രൂപത്തിൻ മുമ്പിലേയ്ക്ക് തന്റെ ഓമന കുഞ്ഞിനെയും കാതറീന ചേർത്തു നിർത്തി. ഉണ്ണീശോയെ ചേർത്ത് പിടിച്ചിരിക്കുന്നതു പോലെ എന്റെ കുഞ്ഞിനെയും നീ മാറോടുചേർക്കണം; എന്റെ കുഞ്ഞിനും നീ അമ്മയാകണം എന്നവൾ മൗനമായി അപേക്ഷിച്ചു. വിധവയുടെ കൊച്ചു കാശുകണക്ക് കൈവശമുണ്ടായിരുന്ന ഒരു ചെറിയ സ്വർണ്ണ മാല അവൾ മാതാവിന്റെ രൂപത്തിൽ ചാർത്തി. ഈ അനാഥാലയത്തിൽ നിന്നെ തനിച്ചാക്കി പോകുവാൻ നിന്റെ അമ്മ നിർബന്ധിതയായി. എങ്കിലും നീ തനിച്ചല്ല, തന്നെക്കാൾ ശക്തയായ സ്വർഗ്ഗീയ അമ്മ നിന്നോടൊത്ത് ഉണ്ട് എന്ന് കാതറീന അവളുടെ പൊന്നോമനയ്ക്ക് കാണിച്ചുകൊടുക്കുകയായിരുന്നു. ദൈവമാതാവിലുള്ള അമ്മയുടെ ദൃഢവിശ്വാസത്തിന്റെ പ്രതീകമായ ഈ പ്രവർത്തി അവന്റെ കുഞ്ഞുഹൃദയത്തെ ആഴമായി സ്പർശിച്ചു.



അനാഥാലയത്തിലെങ്കിലും അമ്മ മനസ്സിൽ അവൻ വളർന്നു, അമ്മ മനസ്സിനു തന്നെ പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് അവൻ ഒരു വൈദികനായിത്തീർന്നു – ഫാ. ജോസഫ് കെന്റണിഹ്. തന്റെ ബാല്യകാലത്ത് ലഭിച്ച പരിശുദ്ധ അമ്മയുടെ സ്നേഹവും സംരക്ഷണവും കെന്റണിഹ് അച്ചൻ കുട്ടികൾക്കും യുവജനങ്ങൾക്കും കാണിച്ചുകൊടുത്തു. സെമിനാരി വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികപിതാവായി സേവനം ചെയ്യുന്ന നാളിൽ അദ്ദേഹം അവരോട് പറഞ്ഞത് സ്വന്തം അനുഭവം തന്നെയായിരുന്നു; പരിശുദ്ധ അമ്മയ്ക്കാണ് നിങ്ങളെ നല്ല വ്യക്തികളായി രൂപീകരിക്കുവാൻ സാധിക്കുക.

പ്രതിസന്ധികളിൽ ജീവിതം വഴിമുട്ടിയവരുടെയും നിരാശയുടെ കയങ്ങളിലേയ്ക്ക് താഴ്ന്നുപോയവരുടെയുമെല്ലാം കരങ്ങളെ കെന്റണിഹ് അച്ചൻ പരിശുദ്ധ അമ്മയുടെ കരങ്ങളുമായി ബന്ധിപ്പിച്ചു. മാതൃസ്നേഹത്തിൽ അധിഷ്ഠിതമായ ആത്മീയസൗധമായി ഷേൺസ്റ്റാട്ട്

“അനുദിന വിശുദ്ധൻ, ആഴമായ സ്നേഹത്തെ പ്രതിയാണ്. എല്ലാം വളരെ കൃത്യമായി ചെയ്യുവാൻ പരിശ്രമിക്കുന്നത്”





എന്ന ഒരു പ്രദേശത്തെ ലോകം മുഴുവനിലേയ്ക്കും വ്യാപിപ്പിക്കുവാൻ കെന്റണിഹ് അച്ചന് സാധിച്ചത് പരിശുദ്ധ അമ്മയുമായുള്ള സ്നേഹസമർപ്പണം വഴിയാണ്.

പ്രിയ കൂട്ടുകാരേ; ഒക്ടോബർ മാസത്തിൽ നാം ജപമാലരാജ്ഞിയായ പരിശുദ്ധ അമ്മയുടെ തിരുനാൾ ആഘോഷിക്കുകയാണല്ലോ. പരിശുദ്ധ അമ്മയോടുള്ള ഭക്തിയിൽ വളരാൻ നമുക്കും പ്രത്യേകം പരിശ്രമിക്കാം. കുഞ്ഞുനാളിൽ, മാതാപിതാക്കന്മാർ നമുക്ക് ചൊല്ലിത്തന്ന ജപങ്ങളെ വീണ്ടും മന്ത്രിക്കാം. പരിശുദ്ധ അമ്മയ്ക്ക് സമർപ്പിക്കുന്നവരാരും നാശമടയുകയില്ല എന്ന് നമുക്ക് ഓർമ്മിക്കാം. എന്നും നമുക്ക് പ്രാർത്ഥിക്കാം, **പരിശുദ്ധ അമ്മേ, നിന്റെ ശക്തിയിലും കരുണയിലും ഞങ്ങൾ ശരണം വയ്ക്കുന്നു. അവിടുന്ന് എപ്പോഴും ഞങ്ങളുടെ സമീപം ഉണ്ട് എന്ന് ഞങ്ങൾ അറിയുന്നു. എന്തുതന്നെ സംഭവിച്ചാലും അമ്മേ അങ്ങയിലും അങ്ങേ തിരുക്കുമാരനിലും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.**

നിങ്ങളുടെ ദോസ്ത്

# മാധുര്യം

അയാൾ പതിവായി ആ വയസ്സായ സ്ത്രീയുടെ കയ്യിൽനിന്നും ഓറഞ്ചുകൾ വാങ്ങിക്കുമായിരുന്നു.

തൂക്കി നോക്കി, കാശുകൊടുത്ത് വാങ്ങി, തന്റെ ബാഗിൽ ഇട്ടതിനുശേഷം പതിവായി അതിൽനിന്ന് ഒരു ഓറഞ്ച് എടുത്ത് പൊളിച്ച് ഒരു അല്ലി കഴിച്ചതിനുശേഷം പുളി ആണെന്ന് പറഞ്ഞ് അത് ആ സ്ത്രീക്ക് തന്നെ തിരിച്ച് കൊടുക്കുമായിരുന്നു.

വൃദ്ധ അതിൽനിന്ന് ഒരു അല്ലി എടുത്ത് കഴിച്ചിട്ട് “ഇതിനു മധുരം ആണല്ലോ?” എന്ന് ചോദിക്കുന്നുണ്ടാവും, പക്ഷേ അപ്പോഴേയ്ക്കും തന്റെ ബാഗും എടുത്ത് അയാൾ പോയിരിക്കും.

അയാളുടെ ഭാര്യ എപ്പോഴും അയാളോട് ചോദിക്കും.  നല്ല മധുരം ആണല്ലോ? പിന്നെ എന്തിനാണ് ഈ നാടകം?

അയാൾ ചിരിച്ചുകൊണ്ട് പറയും. “ആ സ്ത്രീ മധുരമുള്ള ഓറഞ്ചുകൾ വിൽക്കുന്നുണ്ടെങ്കിലും, അതിൽനിന്നും ഒരെണ്ണം എങ്കിലും അവർ കഴിക്കുന്നില്ല. ഇങ്ങനെ ആകുമ്പോൾ കാശ് നഷ്ടപ്പെടാതെ തന്നെ ഒരെണ്ണം എങ്കിലും കഴിക്കുവാൻ സാധിക്കുമല്ലോ? എല്ലാ ദിവസവും ഇത് കാണുന്ന പച്ചക്കറികൾ വിൽക്കുന്ന മറ്റൊരു സ്ത്രീ വയസ്സായ സ്ത്രീയോട് ചോദിച്ചു: “എപ്പോഴും അയാൾ നിങ്ങളുടെ ഓറഞ്ചിനെപ്പറ്റി കുറ്റം പറയുന്നെങ്കിലും തൂക്കത്തിൽ കൂടുതൽ ഓറഞ്ച് നിങ്ങൾ അയാൾക്ക് കൊടുക്കുന്നത് ഞാൻ കാണുന്നുണ്ടല്ലോ?

വയസ്സായ സ്ത്രീ ചിരിച്ചുകൊണ്ട് പറഞ്ഞു: “എനിക്കറിയാം അയാൾ ഓറഞ്ചിനെ കുറ്റം പറഞ്ഞുകൊണ്ട്, തിരിച്ചു തരുന്നത് ഒരെണ്ണം എനിക്ക് കഴിക്കുവാൻ വേണ്ടിയാണ് എന്ന്, പക്ഷെ എനിക്കത് അറിയാം എന്ന് അയാൾക്ക് അറിയില്ല, അതുകൊണ്ടാണ് തൂക്കത്തിൽ കൂടുതൽ ഓറഞ്ചുകൾ കൊടുക്കുന്നത്”

# വാർത്താജാലകം

- **അരങ്ങേറ്റം**
സാൾട്ട് ലൈഫ് സ്കൂളിൽ ഭരതനാട്യവും മോഹിനിയാട്ടവും പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളുടെ അരങ്ങേറ്റം സാൾട്ടിന്റെ അഞ്ചാം വാർഷികാഘോഷവേദിയിൽ അവതരിപ്പിച്ചു.
- **സീയോൻ സെന്ററിൽ റ്റ്യൂഷൻ ക്ലാസ്സ്**
2017 ജൂൺ 1-ാം തിയ്യതി മുതൽ കുറ്റൂർ സീയോൻ സെന്ററിൽ വിദ്യാർത്ഥികൾക്കായി സ്ഥിരം റ്റ്യൂഷൻ ക്ലാസ്സുകൾ ആരംഭിച്ചു.
- **മൈനർ സെമിനാരിയിൽ നവവൈദി കാർത്ഥികൾ**
ആളൂർ ഷേൺസ്റ്റാട്ട് മൈനർ സെമിനാരിയിൽ ഈ വർഷം പ്രവേശിച്ച വിദ്യാർത്ഥികൾക്കായി ജൂൺ 22 ന് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥനാശംസകൾ നേർന്നു.
- **ലഹരിവിരുദ്ധ ബോധവത്ക്കരണം**
ജൂൺ 28 ന് കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിൽ ലഹരി വിരുദ്ധ സെമിനാർ നടത്തി.
- **ഫാ. റാവൂൾ എസ്പീനയുടെ സന്ദർശനം**
ജൂലൈ അവസാനത്തിൽ ജനറൽ കൗൺസിലിൽ ഫോർമേഷൻ ഇൻ ചാർജ്ജ് വഹിക്കുന്ന ഫാ. റാവൂൾ എസ്പീന കേരളത്തിലെ ഷേൺസ്റ്റാട്ട് വൈദികരുടെ സ്ഥാപനങ്ങളായ ആളൂർ കോളേജ്, മൈനർ സെമിനാരി, കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി, വരടിയം ജീവാലയ ബോയ്സ് ഹോം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.
- **വിദ്യാർത്ഥികളുടെ പ്രവേശനോത്സവം**
ആഗസ്റ്റ് 8-ാം തിയ്യതി വിവിധ കലാപരിപാടികളോടെ കുറ്റൂർ സീയോൻ സെന്ററിലെ ഷേൺസ്റ്റാട്ട് അക്കാദമി കോളേജിന്റെ പുതിയ അദ്ധ്യയനവർഷത്തിലെ വിദ്യാർത്ഥികൾക്ക് സ്വീകരണം നൽകി.
- **സാൾട്ട് ലൈഫ് സ്കൂളിന്റെ സെമിനാർ**
മൂവാറ്റുപുഴ നിർമ്മല കോളേജ് വിദ്യാർത്ഥികൾക്കായി ആഗസ്റ്റ് 25, 26 തിയ്യതികളിൽ സെമിനാർ നടത്തി. ഫാ. ജോൺസൺ പന്തപ്പിള്ളിയും ഡീക്കൻ സാജനും ചേർന്ന് ചിന്തോദീപകമായ പ്രഭാഷണങ്ങളും ആത്മീയഗാനങ്ങളും വഴി വിദ്യാർത്ഥികൾക്ക് നവോന്മേഷമേകി.
- **ബാംഗ്ലൂരിലെ ഷേൺസ്റ്റാട്ട് യുവജന കൂട്ടായ്മ**
വിവിധ സംസ്ഥാനങ്ങളിൽനിന്നും ബാംഗ്ലൂരിൽ പഠനവും ജോലിയുമായി കഴിയുന്ന യുവതീയുവാക്കൾക്കായി തേടിയെത്തിയ യുവജനതയ്ക്കുവേണ്ടി ബിനേഷ് മാങ്കൂട്ടത്തിൽ അച്ചന്റെ നേതൃത്വത്തിൽ ആത്മീയ മുന്നേറ്റവും സാമൂഹിക കൂട്ടായ്മയും ലക്ഷ്യമാക്കി വ്യത്യസ്ത പരിപാടികൾ സംഘടിപ്പിക്കുന്നു. ഫാ. ഷാജൻ മാണിക്യത്താൽ ഫാ. ഷെറിൻ കന്നപ്പിള്ളി, ഫാ. ജോയ് പുതുശ്ശേരി എന്നിവരും ഷേൺസ്റ്റാട്ട് യുവജന കൂട്ടായ്മയിൽ പ്രവർത്തിക്കുന്നു.
- **സീയോൻ വൈദികസമൂഹദിനം:**
ഷേൺസ്റ്റാട്ട് വൈദികസമൂഹത്തിന്റെ സ്ഥാപനദിനമായ ആഗസ്റ്റ് 30 ന് ആലുവ ഷേൺ സ്റ്റാട്ട് റീജണൽ ഭവനിൽ ചേർന്ന വൈദികകൂട്ടായ്മയിൽ സമൂഹബലി അർപ്പിച്ച് ദൈവീകദാനങ്ങൾക്ക് നന്ദി പറഞ്ഞു.
- **ഓണാഘോഷ പരിപാടികൾ**
വ്യക്തിയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും പുരോഗതിക്കും പ്രാധാന്യം നൽകുന്ന ഓണം, ഷേൺസ്റ്റാട്ടിന്റെ വിവിധ ക്യാമ്പസ്സുകളിൽ സാഘോഷം കൊണ്ടാടി. ആളൂർ ഷേൺസ്റ്റാട്ട് അക്കാദമി, കുറ്റൂർ സാൾട്ട് ലൈഫ് സ്കൂൾ, ആളൂർ മൈനർ സെമിനാരി, വരടിയം ജീവാലയ ബോയ്സ് ഹോം, കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി എന്നിവയുടെയെല്ലാം ആഭിമുഖ്യത്തിൽ നടത്തിയ ഓണാഘോഷപരിപാടികൾ അവിസ്മരണീയമായി.

"ഓരോ തുള്ളി വെള്ളമിറക്കുമ്പോഴും കോഴി അതിന്റെ കൊക്ക് മുകളിലേയ്ക്ക് ഉയർത്തുന്നതുപോലെ നമ്മളും എല്ലാ കാര്യങ്ങളിലും ദൈവത്തിലേയ്ക്കു നോക്കുക"



# കെന്റണിക്ക് - വർഷാനുസ്മരണ പ്രാർത്ഥന

## (2017-സെപ്തംബർ 15- 2018 സെപ്തംബർ 15)

*(കെന്റണിക്കച്ചന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയുടെ 50-ാം ജൂബിലി വർഷത്തിൽ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ആഗോള നേതൃത്വസമിതി Schoenstatt International Secretariat ഔദ്യോഗികമായി തയ്യാറാക്കിയ പ്രാർത്ഥനയുടെ മലയാള പരിഭാഷ)*



**നമുക്ക് പ്രാർത്ഥിക്കാം**

പിതാവായ ദൈവമേ, കെന്റണിക്കച്ചനിൽ നീ ഞങ്ങൾക്ക് ഒരു പിതാവിനെയും പ്രവാചകനെയും സമ്മാനിച്ചുവല്ലോ. ഈ കാലഘട്ടത്തിന് ഏകാനുള്ള നിന്റെ സന്ദേശത്തിന്റെ ദൗത്യവാഹകനായും സാക്ഷിയായും അദ്ദേഹത്തെ നീ മാറ്റിയല്ലോ. അദ്ദേഹത്തിൽ എരിഞ്ഞിരുന്ന അഗ്നി ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. ആ സ്ഥാപകചൈതന്യം കൊണ്ട് ഞങ്ങളെ നിറയ്ക്കണമെ. സഭയുടെയും സമൂഹത്തിന്റെയും ഭാവിയെ രൂപപ്പെടുത്തുന്നതിന് അദ്ദേഹത്തിൽ വിളങ്ങിയിരുന്ന കൃപാധിരേകത്താൽ ഞങ്ങളെയും സമ്പന്നമാക്കണമെ. അദ്ദേഹത്തിന്റെ ദർശനം ഞങ്ങളുടെ ദർശനമാക്കണമെ. അങ്ങനെ ജനങ്ങൾ താമസിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന സ്ഥലങ്ങളിലെല്ലാം ഉടമ്പടിയുടെ സംസ്ക്കാരം രൂപപ്പെടുകയും സ്നേഹബന്ധങ്ങളുടെ ഒരു നവീനലോകം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യട്ടെ.

സ്വർഗ്ഗീയപിതാവേ, തിരുസഭ അംഗീകരിക്കുന്ന വിശുദ്ധരുടെ ഗണത്തിലേയ്ക്ക് കെന്റണിക് അച്ചനേയും സ്വീകരിക്കണമെന്ന് അങ്ങയോട് ഞങ്ങൾ യാചിക്കുന്നു. ജനങ്ങളെ നീയാകുന്ന ജീവിതപൂർണ്ണതയിലേയ്ക്ക് നയിക്കുന്നതിന് കെന്റണിക് അച്ചനും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിനും എല്ലായിടത്തും നീ വാതിൽ തുറക്കണമെ. ഷേൺസ്റ്റാട്ടിന്റെ രാജ്ഞിയും വിജയശ്രീലാളിതയുമായ പരിശുദ്ധ കന്യകാമറിയത്തോട് ചേർന്ന് ക്രിസ്തുവഴിയായി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ







അന്തർദേശീയ ഷേൺസ്റ്റാട്ട് പ്രസ്ഥാനങ്ങളുടെ
സ്ഥാപകനും പിതാവുമായ

## ദൈവദാസൻ ഫാ. ജോസഫ് കെന്റണിഹ്

18.11.1885 – 15.09.1968





# ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിലേക്ക്

# സ്വാഗതം



**അമ്മേ, നിന്റെ ഉപകരണങ്ങളാകുവാൻ ഞങ്ങളിതാ വരുന്നു!**
**അനുഗ്രഹദാനങ്ങളുടെ ദാതാവായ അമ്മേ, ഞങ്ങളുടെ കുടുംബ**
**കൂട്ടായ്മയെ ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്കും രാജ്യങ്ങളിൽ നിന്ന്**
**രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ച് ദൃഢമാക്കണമെ.!**

**ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകുവാൻ....**
**മാതാവിന്റെ അപ്പസ്തോലൻമാരാകുവാൻ...**
**പരി. അമ്മയോടും ഞങ്ങളോടുമൊത്ത് സ്നേഹ ഉടമ്പടിയിൽ ജീവിക്കുവാൻ...**
**ഫാദർ ജോസഫ് കെന്റണിക്കിനെപ്പോലെ സഭയെ സ്നേഹിക്കുവാൻ**
**താൽപര്യമുള്ള യുവാക്കളെ ക്ഷണിക്കുന്നു.**


ബന്ധപ്പെടേണ്ട വിലാസം:

**Vocation Promoter**
Mary Matha Schoenstatt Bhavan
Anathadam, Aloor, Thrissur-680 683
Ph: 0480-2723164

**Vocation Promoter**
Sion Centre, Schoenstatt Fathers
Kuttur P.O., Thrissur, Kerala-680 013
Ph: 0487-2383306

**Vocation Promoter**
Schoenstatt Study House
P.B. No. 618, Aluva-683 102
Ph: 0484-2606450